# രണാരേഖ
# യുക്തിവാദ
മാസിക



# കത്തുകൾ

കത്തുകൾ

## പവനന്റെ നട്ടെല്ലില്ലായ്മ

ഉപദേശമല്ലെങ്കിലും ഒരു ഓർമ്മക്കുറിപ്പ്;— ഇ. എം. എസ്സ്. പണ്ട് പറഞ്ഞതാണ് ഇപ്പോൾ എം. വി. രാഘവനും പറയുന്നതെന്നു യുക്തിരേഖയിലെ പ്രതിമാസ രേഖകളിൽകൂടി സമർത്ഥിച്ചു ഉദാഹരണസഹിതം എഴുതിയ പത്രാധിപർ പവനന്, മാർക്സിസ്റ്റുകാരുടെ ആധിപത്യത്തിനുമുമ്പിൽ അതു് സ്വന്താഭിപ്രായമാക്കി വേറെ ലക്കത്തിൽ ഏകദേശം ക്ഷമാപണപൂർവ്വം മറിച്ചുപറയേണ്ടിവന്ന നട്ടെല്ലില്ലായ്മ ശ്രീനി പട്ടത്താനത്തിനു് ഉണ്ടാകാതിരിക്കട്ടെ എന്നു കരുതട്ടെ. ലോനപ്പൻ നമ്പാടനു വോട്ടു ചെയ്യണമെന്നു പരോക്ഷമായി പറഞ്ഞ യു, കലാനാഥനെന്ന ചോദ്യ-ഉത്തര പംക്തിക്കാരനെപ്പോലെ ഇടമറുക് ആകില്ലെന്നു തോന്നുന്നു രണരേഖയിലെ ലേഖനങ്ങൾ ലേഖകന്മാരുടെ അഭിപ്രായമായിരിക്കില്ല, മറിച്ചു സംഘത്തിന്റെ അഭിപ്രായമായിരിക്കുമെന്നു കരുതുന്നു.

—രമേശൻ സി, പി, ചൊമ്പാല

## ഇടമറുക്

കഴിഞ്ഞലക്കം രണരേഖയിൽവന്ന ഇടമറുകിന്റെ ലേഖനം സംഘടനയെക്കുറിച്ച് അറിവുപകരുന്നതിനു സഹായിച്ചു. എം. സി. ബൈജു എഴുതിയ കോവൂരിന്റെ സ്മരണകൾ ശ്രദ്ധേയമായിരുന്നു, രണരേഖക്ക് എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുന്നു.

—ബൈജു എസ്, പട്ടത്താനം.

## ഇടിമുഴക്കം

നമ്മുടെ മാസികയുടെ രൂപഭാവങ്ങൾ തികച്ചും നൂതനമായിരിക്കണം. അതു ചക്രവാളത്തിലെ ഒരു ഇടിമുഴക്കമായിരിക്കണം

—എം. ടി. ഋഷികുമാർ,
ചങ്ങനാശ്ശേരി

## ജീവനാഡി

യുക്തിവാദികളുടെ ജീവനാഡിയായ രണരേഖയ്ക്കു് അഭിനന്ദനങ്ങൾ.

—ടി. വി. ഗോപാലകൃഷ്ണൻ,
എലംകുളം

## അഭിനന്ദനം

ഞാൻ രണരേഖയുടെ ഒരുസ്ഥിരം വായനക്കാരനാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ വളരെ അധികം ക്രൂരതകൾ നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തു് പുരോഗമനപരമായ ചിന്താഗതികൾ ജനങ്ങളിൽ വളർത്തുവാൻ 'രണരേഖയ്ക്കു, വളരെയധികം കഴിഞ്ഞിട്ടുണ്ട്. ജനങ്ങളിൽ വർഗ്ഗീയതയുടെ വിത്തുപാകുന്ന പഴഞ്ചൻ ആചാരങ്ങളും മതഗ്രന്ഥങ്ങളും ഉദാഹരണങ്ങൾസഹിതം വിമർശിച്ച് ഇടുങ്ങിയ ചിന്താഗതിക്കാരായ ജനങ്ങളുടെ ജീവിതത്തെക്കുറിച്ചുബോധവാന്മാരാക്കാനുള്ള രണരേഖയുടെ ശ്രമം വളരെയധികം അഭിനന്ദനാർഹമാണ്.

—ടി. പി. ശിവദാസൻ, ചെറുകര

# രണരേഖ

(യുക്തിവാദി സംഘത്തിൻെറ മുഖപത്രം)

1987 ഒക്ടോബർ * ലക്കം 67 * വില രൂപ 1-50

ഉപദേഷ്ടാവ്
ഇടമറുക്

പത്രാധിപസമിതി:
അബ്ദുള്ള മേപ്പയ്യൂർ
ക്യാപ്റ്ററൻ മേലേത്തു് കൃഷ്ണൻ
സോളി ഇടമറുക്
സെയ്തുമുഹമ്മദ് ആനക്കയം
ശശികുമാർ പുറമേരി
മങ്കട കുഞ്ഞഹമ്മദ് മാസ്റ്റർ

പത്രാധിപർ:
ശ്രീനി പട്ടത്താനം

ഈ ലക്കത്തിൽ—
ആറാം തിരുമുറിവ് എന്തായി?
ഐ. ആർ. എ സമ്മേളന റിപ്പോർട്ട്
സതി എന്ന കൊലച്ചതി
വൈരുദ്ധ്യാധിഷ്ഠിതവാദം ശാസ്ത്രീയമോ
മരണമെന്ന യാഥാർത്ഥ്യം
കുട്ടികളിൽ ലൈംഗിക വിദ്യാഭ്യാസം
സ്ത്രീധനം?
ശ്രീരാമൻ 17 ആയിരം വർഷം ഭരിച്ചുവോ?
തുടങ്ങിയവ

കവിത

## സത്യവേദപുസ്തകം?

എൻെറ പ്രിയേ, ഫറവോൻെറ രഥത്തിൽ കെട്ടുന്ന
പെൺകുതിരയോട്ട് ഞാൻ നിന്നെ ഉപമിക്കുന്നു
എൻെറ സഹോദരീ, എൻെറ കാന്തേ
നീ എൻെറ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു
പ്രഭുകുമാരി, ചെരിപ്പിട്ടിരിക്കുന്ന നിൻെറ കാൽ എത്ര മനോഹരം
നിൻെറ ഉരുണ്ട നിതംബം തട്ടാൻെറ പണി-
യായ ഭൂഷണംപോലെ ഇരിക്കുന്നു
നിൻെറ നാഭി, വട്ടത്തിലുള്ള പാനപാത്രംപോലെയാകുന്നു
അതിൽ, കലക്കിയ വീഞ്ഞ് ഇല്ലാതിരിക്കുന്നില്ല
നിൻെറ സ്തനം രണ്ടും ഇരട്ടപിറന്ന രണ്ട് മാൻകുട്ടികൾക്ക് സമം
പ്രിയേ, പ്രേമഭോഗങ്ങളിൽ നീ എത്ര സുന്ദരി
നിൻെറ ശരീരാകൃതി പനയോടും
നിൻെറ സ്തനങ്ങൾ മുന്തിരിക്കുലയോടും ഒക്കുന്നു!
ഞാൻ പനമേൽ കയറും, അതിൻെറ മടൽ പിടിക്കും
നിൻെറ സ്തനങ്ങൾ മുന്തിരിക്കുലപോലെയും ഇരിക്കുന്നു
നീ എൻെറ അമ്മയുടെ മുല കുടിച്ച സഹോദരൻ ആയിരുന്നുവെങ്കിൽ
ഞാൻ നിന്നെ വെളിയിൽകണ്ട് ചുംബിക്കുമായിരുന്നു
ഞാൻ മതിലും എൻെറ സ്തനങ്ങൾ ഗോപുരങ്ങൾപോലെയും ആയിരുന്നു
അന്നു ഞാൻ അവൻെറ ദൃഷ്ടിയിൽ സമാധാനം പ്രാപിച്ചിരുന്നു

(ബൈബിൾ, ശലമോൻെറ ഉത്തമഗീതത്തിൽനിന്നും
പേജ്-663-668 ബൈബിൾ സൊസൈററി
ഓഫ് ഇന്ത്യ പ്രസിദ്ധം ചെയ്തതു്)

ജാതിവേണ്ട, മതംവേണ്ട, ദൈവം വേണ്ട മനുഷ്യനു്—സഹോദരൻ അയ്യപ്പൻ

## മുഖവചനം-

# ക്രിസ്തുവിൻെറ ആറാം തിരുമുറിവ് എന്തായി?

കേരളത്തിൽ നിരോധനത്തിലിരിക്കുന്ന നാടകങ്ങളാണ് പി. എം. ആൻറണിയുടെ 'ക്രിസ്തുവിൻെറ ആറാംതിരുമുറിവ്'', ജോസ് ചിറമേൽ എഴുതിയ 'കുരിശിൻെറ വഴി' മധുമാസ്റ്ററുടെ "വീണ്ടും ക്രിസ്തു" വി. കെ. സോമൻെറ 'ബറബാസിനെ വിട്ടുതരിക' മതിലകം നൗഷാദിൻെറ 'അൾത്താരയിലെ വിലാപം' എന്നിവ ഇതിൽ ഏറെ വിവാദത്തിന് വഴിതെളിച്ച നാടകമാണല്ലോ ക്രിസ്തുവിൻെറ ആറാം തിരുമുറിവ്. അതുകൊണ്ടു തന്നെ ആ നാടകം ഇന്ന് എവിടെച്ചു നില്ക്കുന്നുവെന്നു നമുക്കൊന്നു പരിശോധിക്കേണ്ടിയിരിക്കുന്നു,

വിശ്വസാഹിത്യകാരനായ നിക്കോസ് കസാൻദ്സാക്കിസിൻെറ 'ക്രിസ്തുവിൻെറ അന്ത്യപ്രലോഭനം' എന്ന ഗ്രന്ഥത്തെ അവലംബമാക്കി പി. എം. ആൻറണി എഴുതിയ 'ക്രിസ്തുവിൻെറ ആറാം തിരുമുറിവ്'' എന്ന നാടകം കേരളത്തിലെ ജാതിമത പിന്തിരിപ്പൻ ശക്തികളുടെ ഭരണത്തലവനായിരുന്ന മുൻ മുഖ്യമന്ത്രി കരുണാകരൻെറ ഭരണ കാലത്താണ് അവതരിക്കപ്പെട്ടതും നിരോധിക്കപ്പെട്ടതും. ഈ നാടകം അവതരിപ്പിച്ചാൽ ക്രിസ്ത്യാനികളുടെ മതവികാരം വ്രണപ്പെട്ടുമെന്ന് തൃശ്ശൂർ രൂപതയുടെ അദ്ധ്യക്ഷനായ ഫാദർ കുണ്ടുകുളം നടത്തിയ പ്രസ്താവനയെ തുടർന്നാണല്ലോ ഈ നാടകത്തിന്മേൽ ഈ നടപടിയുണ്ടായത്.

അന്ന് ആവിഷ്ക്കാര സ്വാതന്ത്ര്യം കലാകാരന് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്നത്തെ ഭരണ കക്ഷിയും മററു ചില പുരോഗമന പ്രസ്ഥാനങ്ങളും എഴുത്തുകാരും സമരം ചെയ്തിരുന്നു.

ഇക്കാലത്താണ് ജാതി-മത- പിന്തിരിപ്പൻ ശക്തികളെ പരാജയപ്പെടുത്തുക എന്ന മുദ്രാവാക്യവുമായി ഇടതുപക്ഷം രംഗത്തിറങ്ങിയത്. തുടർന്നു കേരളത്തിൽ നടന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ ജാതി-മത വർഗ്ഗീയ പാർട്ടികളെ പരാജയപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷം അധികാരത്തിൽ വരുകയും ചെയ്തു. അതോടുകൂടി ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിച്ചവർ ആശ്വാസംകൊണ്ടു. പക്ഷേ സർക്കാർ പക്ഷത്തുനിന്നും തിരിച്ചാണ് ഫലമുണ്ടായത്. ജാതി മത പിന്തിരിപ്പൻ ശക്തികളെ പരാജയപ്പെടുത്തി വന്നതുകൊണ്ടു സർക്കാരിനു നാടകനിരോധനം പിൻവലിക്കേണ്ടതാണ് ശരിയായ നയം. എന്നാൽ കിട്ടിയ ഭരണം നഷ്ടപ്പെട്ടുമോ എന്നു ഭയന്നതിൻെറപേരിൽ നയത്തിനു വിരുദ്ധമായി നിരോധനം തുടരുവാൻ അലിഖിതമായി തീരുമാനിക്കുകയാണുണ്ടായത്.

കണിയാപുരം രാമചന്ദ്രൻെറ 'ഭഗവാൻ കാലുമാറുന്നു' എന്ന നാടകം എതിർപ്പുണ്ടായിരുന്നിട്ടും പോലീസ് സംരക്ഷണത്തിൽ നാട്ടിലെങ്ങും അവതരിപ്പിച്ചുകൊണ്ടിരുന്ന അനുഭവമുള്ളപ്പോൾ ഒരു പരീക്ഷണത്തിനുപോലും തയ്യാറാകാതെ വ്രണപ്പെട്ടുമെന്നുള്ളവർ കാണേണ്ടതില്ലെന്നും പ്രഖ്യാപിച്ചുകൊണ്ടു തിരുമുറിവിനുവേണ്ടി നിലകൊള്ളുന്നവർക്കെതിരെ പ്രതികരിക്കാൻ പക്വമായ സർക്കാർ നിരോധനം തുടരുകയാണുണ്ടായത്.

അവസാനം അതിനുവേണ്ടി അവർ ഒരു കുതന്ത്രം തന്നെ കണ്ടെത്തി, അതോടുകൂടി ആവിഷ്ക്കാരസ്വാതന്ത്ര്യം അരങ്ങത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുവാനുള്ള മരണമണി മുഴങ്ങി. പിന്നൊട്ടും താമസിച്ചില്ല അതിനുവേണ്ടി അവർ ഒരു നാടകം തന്നെ രൂപം കൊടുത്തു, ആ നാടകമായിരുന്നു കോടതി വിധി. നാടകനിരോധനം പിൻവലിക്കേണ്ടതാണ് സർക്കാരിൻെറ നയമെന്നിരിക്കെ അന്തസ്സുള്ള ആ തീരുമാനം കൈക്കൊള്ളുവാനുള്ള നട്ടെല്ലുറപ്പില്ലായ്മയും അതു നടപ്പിലാക്കുവാനുള്ള തന്ത്രങ്ങൾ , ആവിഷ്കരിക്കാനുള്ള ബുദ്ധിപരമായ ദാരിദ്ര്യവുംമൂലം ആവിഷ്കാര സ്വാതന്ത്ര്യക്കാര്യത്തിൽ സർക്കാരിനെന്തുകാര്യം, അതു കലാകാരന്മാർ തീരുമാനിക്കട്ടെ എന്നു പറഞ്ഞു. പാവം ചില സാംസ്കാരിക സാഹിത്യകാരന്മാരെ ഇതിനുവേണ്ടി സർക്കാർ വിനിയോഗി

ച്ചു. അവർ അങ്ങനെ കോടതിയുടെ പാനലിൻ വരികയും ചെയ്തു. പരക്ഷീണ അവരിൽ ചില കൊട്ടാരം കഴലുത്തുകാരൊഴിച്ചാൽ ബാക്കി ഭൂരിഭാഗം പേരും സ്വതന്ത്ര ചിന്തകന്മാരായിരുന്നു. അവർ ഈ വിവാദ നാടകം കണ്ടതിനുശേഷം ഈ നാടകം മതവികാരത്തെ വ്രണപ്പെടുത്തുന്നതല്ലെന്നും ഈ നാടകം നിരോധിക്കേണ്ടതില്ലെന്നും ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചു. എന്തിനു പറയാം പാമ്പി ചെല്ലുന്നിടം പാതാളം എന്നു പറയുന്നതുപോലെ ഈ അഭിപ്രായം കേട്ട സർക്കാർ വീണ്ടും ഞെട്ടി. കാരണം ഇതു സർക്കാരിൻെറ കണക്കുകൂട്ടലിനെതിരായിരുന്നു. ഇനിയെന്തുചെയ്യും. സർക്കാരിനു വീണ്ടും തലവേദനയായി. അവസാനം സർക്കാർ അതിനും ഒരു പോംവഴി കണ്ടുപിടിച്ചു. മുങ്ങുക. അങ്ങനെ കോടതി ഈ നാടകത്തിലെ ഒരു ഭാഗമായതിനാൽ വിധി പ്രഖ്യാപിക്കാൻ കഴിയാതെ സർക്കാരിനുവേണ്ടി മുങ്ങിയിരിക്കുകയാണ്.

ഇതോട്ടുകൂടി നായനാരും കരുണാകരനും തമ്മിൽ വലിയവ്യത്യസമില്ലാതായിരിക്കുകയാണ്, രണ്ടും ഒരേനാണയത്തിൻെറ ഇരുവശങ്ങളായി മാറിയിരിക്കുന്നു. വർഗ്ഗീയതക്കെതിരെ ദേശീയതലത്തിൽ ചിന്തിക്കുന്ന ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലെ വർഗ്ഗീയവിരുദ്ധ ഗവൺമെൻറു വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളുമായി നല്ല അവിഹിത ബന്ധത്തിലാണ്. നാടകത്തിൻെറ കാര്യത്തിൽ ഒരന്തിമതീരുമാനം കൈക്കൊള്ളാൻ കഴിയാതെപോകുന്നതു് ഇതിനു തെളിവാണ്. നായനാർ അമേരിക്കയിൽ പോയതിനുശേഷമാണ് ഈ നാടകചിന്ത പൂർണ്ണമായി അസ്തമിച്ചതു്. നാടകനിരോധനം പിൻവലിക്കില്ലെന്നു ഉറപ്പുനൽകുവാനല്ല നായനാർ അമേരിക്കയിൽ പോയതെന്നു പറയാതിരിക്കാൻ കഴിയുമോ? ഇതു ഇടതുപക്ഷത്തെ അധികാരത്തിലേററിയ ജനലക്ഷങ്ങളോടു് കാട്ടിയ വഞ്ചനയല്ലേ?

അല്ലെങ്കിൽ എന്തുകൊണ്ടു ഇക്കാര്യത്തിനു ഒരു തീരുമാനമെടുക്കുന്നില്ല. ഒരുപക്ഷേ അതു കോടതിക്കാര്യമല്ലേ എന്നു ചോദിച്ചാൽ, എന്തുകൊണ്ടു ആ കോടതിവിധി പുറത്തുവരാൻ ഇത്ര വൈകുന്നുവെന്നു ചോദിക്കേണ്ടിവരും.

നാടകനിരോധനം അഭിപ്രായസ്വാതന്ത്ര്യത്തെ നിഷേധിക്കൽകൂടിയാണ്. ഇതു ഭരണഘടനയിലെ 19-ാം വകുപ്പുതന്നെ ധ്വംസിച്ചിരിക്കയാണ്. അടിയന്തിരാവസ്ഥയെ ലജ്ജിപ്പിക്കുന്ന ഈ സമീപനം സർക്കാർ മാറേറണ്ടതാണ്.

നിരോധിക്കപ്പെട്ട നാടകങ്ങൾ എല്ലാം തന്നെ ലക്ഷ്യബോധമുള്ള പുരോഗമന നാടകങ്ങളാണ്. മതം നല്ലതാണെന്നു ഏതെങ്കിലും പുരോഗമനകാരികൾ പറയുമെന്നു തോന്നുന്നില്ല. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു പറഞ്ഞ മാർക്സ് പറഞ്ഞതു് മതം വിഷമായതുകൊണ്ടുതന്നെയാണ്. ഈ അഭിപ്രായം തന്നെയാണ് ആൻറണിക്കും മററു നാടക രചയിതാക്കൾക്കുമുള്ളതും. മതത്തിനെതിരായി നടത്തുന്ന എഴുത്തുകാരൻെറ ഈ സമരത്തിൽ മതകക്ഷികൾക്കെതിരെ ഐക്യം സൃഷ്ടിക്കാൻ നില്ക്കുന്നനായനാരും തൻെറ കക്ഷികളും പറയുന്നവാക്കിൽ അത്ഥസമ്പൂർണ്ണത കൈവരണമെങ്കിൽ മതങ്ങളുമായുള്ള ഈ അവിഹിതബന്ധം അവസാനിപ്പിക്കുകയും ആവിഷ്കാര സ്വാതന്ത്ര്യം അനുവദിക്കുകയുമാണ് വേണ്ടതു്.

ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി ഇവിടെ നേരത്തെ മുറവിളികൂട്ടിയകുറെ സാഹിത്യ-സാംസ്കാരിക നായകന്മാരും കുറെ വിപ്ലവ പാർട്ടികളും കേരളത്തിലുണ്ട്. ഇവരെല്ലാം സർക്കാരിൻെറ 'ഔദാര്യം' കിട്ടുന്നതുമൂലം ഇന്നു മാളത്തിലൊളിച്ചിരിക്കയാണ്. അവരുടെയെല്ലാം കപടമുഖം ഇതുവ്യക്തമാക്കുന്നു.

യുക്തിബോധമുള്ള ഏതൊരാളും ഒററയായും സംഘമായും ഇതിനെതിരെ പ്രതികരിക്കേണ്ടതാണ്. അല്ലെങ്കിൽ നാം—

ചാർവ്വാകനെ അരിഞ്ഞു കൊന്നവരുടെ കൂട്ടത്തിലാണ്. ബ്രൂണോയെ അഗ്നിയിൽ ചാടിപ്പിച്ച് ചുട്ടുകൊന്നവരുടെ കൂട്ടത്തിലാണ്. സോക്രട്ടീസിനു് വിഷംകൊടുത്തു കൊന്നവരുടെ കൂട്ടത്തിലാണ്. ഗലീലിയോവിനെ തടവിലാക്കിയവരുടെ കൂട്ടത്തിലാണ്. യൂറോപ്പിൽ ഇൻകിസിഷൻ നടപ്പിലാക്കിയവരുടെ കൂട്ടത്തിലാണ് എന്നു പറയേണ്ടിവരും.

—പത്രാധിപർ

# ദൂരദർശനിലെയും സിനിമയിലെയും മതപ്രചരണം തടയണം

—സായ് പരാഞ്ജ്പൈ

ദൂരദർശനിലും സിനിമകളിലും മതപരമായ ചടങ്ങുകൾ പ്രദർശിപ്പിക്കുന്നത് തടയണമെന്ന് പ്രമുഖ ഹിന്ദിസിനിമാസംവിധായികയായ സായ്പരാഞ്ജ്പൈ പ്രസ്താവിച്ചു. എറണാകുളം പബ്ലിക് ലൈബ്രറി ഹാളിൽ ചേർന്ന ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ 14-ാം അഖിലേന്ത്യാ സമ്മേളനവും 31-ാമത് സംസ്ഥാന വാർഷികവും ഉത്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അവർ. അവർ തുടർന്നു: അന്ധവിശ്വാസത്തിന്റെയും പൗരോഹിത്യ മേധാവിത്വത്തിന്റെയും ജാതിയുടെയും നീരാളിപ്പിടുത്തത്തിൽ നിന്നും ഇന്ത്യക്ക് ഇനിയും മോചനം ലഭിച്ചിട്ടില്ല. മതവും രാഷ്ട്രീയവും കൂട്ടിച്ചേർന്ന ഒരരക്ഷിതാവസ്ഥ നാട്ടിൽ സംജാതമായിരിക്കയാണ്, ലോകമാസകലം മതത്തിന്റെ പേരിൽ വിദ്വേഷവും പകയും പൊട്ടിപ്പുറപ്പെടുന്നതു കാണാം, ഇറാൻ, ഇറാക്ക്, അയർലണ്ട് എന്നിവ ഉദാഹരണങ്ങളാണ്. മതഭ്രാന്തനായ അയത്തൊള്ള ഖൊമേനി ഒരു ബ്രാഹ്മണനായിരുന്നു എങ്കിൽ ഹിന്ദുക്കൾ ശങ്കരാചാര്യരായി അയാളെ അവരോധിച്ചു ആരാധിക്കുമായിരുന്നു, ചെറുപ്പക്കാർ ഇന്നു കൂടുതൽ ദൈവ വിശ്വാസികളായി മാറുന്നുണ്ട്. ബോംബെയിലെ പ്രശസ്തമായ സിദ്ധിവിനായക് ഗണപതിക്ഷേത്രത്തിൽ നീണ്ട ക്യൂ എല്ലാ ചൊവ്വാഴ്ചകളിലും കാണാം. ആറും ഏഴും മണിക്കൂർ അവർ വെയിലത്ത് നിന്നുകൊണ്ട് ഗണേശനോട് ജോലിയോ ബിരുദമോ അതുപോലെ എന്തെങ്കിലുമോ കിട്ടാൻവേണ്ടി പ്രാർത്ഥിക്കുന്നതു കാണാം. മതത്തിന്റെ പേരിൽ നടക്കുന്ന ഒരു ക്രൂരതയാണ് ഇതെന്നും മതവും സന്മാർഗ്ഗവും തമ്മിൽ സിനിമാക്കഥകളിലെ യാഥാർത്ഥ്യംപോലെ അകൽച്ചയുണ്ട്. തിരുപ്പതി, കേദാർനാഥ്പുരി എന്നിവിടങ്ങളിലെ ഹുണ്ടികളിലെ ധനമെടുത്തു പാവപ്പെട്ടവർക്കു കൊടുത്താൽ നാട്ടിലെ ദാരിദ്ര്യം നീക്കാം. ക്ഷേത്രങ്ങളും ബിംബങ്ങളും അല്ല പണിയേണ്ടത്. മറിച്ച് ആശുപത്രികളും വിദ്യാലയങ്ങളുമാണ് വേണ്ടതെന്നും പരഞ്ജ്പൈ അഭിപ്രായപ്പെട്ടു.

പോലീസ് സേന പോലെ മതം മനുഷ്യമനസ്സുകളെ നിയന്ത്രിക്കുകയാണ്. മതം മനുഷ്യന്റെ ഭാഗധേയം നിയന്ത്രിക്കുന്ന ഘടകമായി മാറി. പുരോഗതിയെ എതിർക്കുന്നത് ഇപ്പോൾ ദൈവങ്ങൾ കൈക്കൂലി വാങ്ങാനും തുടങ്ങിയിരിക്കുന്നു. മന്ത്രിമാരാകട്ടെ മററുള്ളവരുടെ പ്രയത്നംകൊണ്ടു ജീവിക്കുന്നു. വിദ്യാസമ്പന്നർ ദൈവങ്ങൾക്കു കൈക്കൂലി നല്കി കാര്യങ്ങൾ നേടാമെന്നു കരുതുന്നു. എല്ലാതരത്തിലുമുള്ള 'ബാബ'മാരുടെയും 'ഗുരു'ക്കന്മാരുടെയും തനിനിറം ജനങ്ങളുടെ മുന്നിൽ തുറന്നുകാണിക്കേണ്ട സന്ദർഭമാണിത് യുക്തിചിന്തയുടെ സമയം. എല്ലാ ചോദ്യങ്ങളും ചോദിക്കേണ്ടത് ഇപ്പോഴാണ് ഇന്ത്യയുടെ നവോത്ഥാന ചിന്തകരിൽ ഒരാളും ഇന്ത്യൻ യുക്തിവാദിസംഘത്തിന്റെ സ്ഥാപകരിൽ ഒരാളും മുൻ ആസ്ട്രേലിയൻ ഇന്ത്യൻ ഹൈക്കമ്മീഷണറുമായ ആർ. പി. പരഞ്ജ്പൈയുടെ പൗത്രിയുമായ സായ് പരഞ്ജ്പൈ പറഞ്ഞു. സമ്മേളനത്തിൽ സനൽ ഇടമറുക് അദ്ധ്യക്ഷത വഹിച്ചു ഇടമറുക്, എം. വി. രാമമൂർത്തി എന്നിവർ സംസാരിച്ചു. സി ഐ ഉമ്മൻ സ്വാഗതവും ചിറക്കണ്ടം സലാം കൃതജ്ഞതയും പറഞ്ഞു,

ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ 14-ാമത്ത് അഖിലേന്ത്യാ സമ്മേളനവും 31-ാമത്ത് കേരളസംസ്ഥാന വാർഷികവും കഴിഞ്ഞ സെപ്തംബർ 12, 13 തീയതികളിൽ എറണാകുളം പബ്ലിക് ലൈബ്രറി ഹാളിൽവെച്ച് നടക്കുകയുണ്ടായി. സമ്മേളനത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ടാണ് ഇതിനോടൊപ്പം കൊടുക്കുന്നത്.

—പത്രാധിപർ

# ഇങ്ങനെയൊരു പ്രധാനമന്ത്രിയെ ലഭിച്ചതിൽ നാം ഖേദിക്കേണ്ടിയിരിക്കുന്നു!

—ഇടമറുക്

ഇരുപത്തൊന്നാം നൂററാണ്ടിലേക്കും ശാസ്ത്രപുരോഗതിയിലേക്കും ഇന്ത്യയെ നയിക്കുമെന്നു പ്രഖ്യാപിച്ച പ്രധാനമന്ത്രി രാജീവ്ഗാന്ധി വളർച്ച മുററാൻ ഡൽഹിയിൽ ലക്ഷ്മീനാരായണ ക്ഷേത്രത്തിൽ ലക്ഷ്മീനാരായണപൂജയും ഗുരുവായൂരിൽ ഉദയാസ്തമനപൂജയും നടത്തുന്നത് അത്യന്തം ഖേദകരമാണെന്നും ഇങ്ങനെയൊരു പ്രധാനമന്ത്രിയെ നമുക്ക് ലഭിച്ചതിൽ ഖേദിക്കേണ്ടിയിരിക്കുന്നുവെന്നും അഖിലേന്ത്യാ യുക്തിവാദിസംഘം ഠൈൻസ് പ്രസിഡൻറ് ഇടമറുക് സമ്മേളനത്തിൽ പ്രസ്താവിച്ചു. അദ്ദേഹം തുടർന്നു:—

യുക്തിവാദപ്രസ്ഥാനം ഒരു രാഷ്ട്രീയ പാർട്ടിയുടേയും വക്താക്കളായി പ്രവർത്തിക്കുന്ന സംഘടനയല്ല. കേരളത്തിലെ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ എപ്പോഴും വർഗ്ഗീയ ശക്തികളുമായി കൂട്ടുചേർന്ന ചരിത്രമേയുള്ളൂ.

ജാതിയേയും മതത്തേയും എതിർത്ത സഹോദരൻ കെ അയ്യപ്പനാണ് ഭരണഘടനയിലെ പ്രത്യേക വിവാഹവകുപ്പിന്റെ സ്രഷ്ടാവെന്നും ആ നിലക്കു സഹോദരന്റെ നാട്ടിൽ നടക്കുന്ന ഈ സമ്മേളനം കൂടുതൽ അർത്ഥസമ്പൂർണ്ണമാണെന്നും അദ്ദേഹം പറഞ്ഞു.

# ഇപ്പോൾ ഹിന്ദുമതത്തിൽ പീഠാധിപതികളുടെ വാഴ്ചയാണ്

—എം. വി. രാമമൂർത്തി

യുക്തിചിന്ത ഒരു മതമല്ല. ചിന്താരീതിയിലും ജീവിതരീതിയിലും മതത്തെ കൈവെടിയുകയാണു ചെയ്യുന്നതെന്നു ഇന്ത്യൻ യുക്തിവാദിസംഘം പ്രസിഡൻറു എം. വി. രാമമൂർത്തി പ്രസ്താവിച്ചു.

സത്യം ദൈവമല്ലെന്നും ജ്ഞാനത്തിൽനിന്നാണു സത്യം ഉണ്ടാകുന്നതെന്നും നാം ചോദ്യം ചോദിക്കലിന്റെ കല പഠിക്കേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം സൂചിപ്പിച്ചു.

ഇപ്പോൾ ഹിന്ദുമതത്തിൽ പീഠാധിപതികളുടെ വാഴ്ചയാണെന്നും അവർ ജനങ്ങളുടെ നിരക്ഷരതയെ ചൂഷണം ചെയ്യുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

കാഞ്ചികാമകോടി പീഠാധിപതി ജഗത്ഗുരു ജയേന്ദ്ര സരസ്വതികൾ തലക്കാവേരിയിലേക്കു പോയപ്പോൾ പത്രങ്ങൾ പ്രചാരം നൽകിയതു് അത്യന്തം ഖേദകരമായിപ്പോയെന്നു രാമമൂർത്തി പറഞ്ഞു.

സമ്മേളനത്തോടനുബന്ധിച്ചു ജാതിമതാചാര വിരുദ്ധമായ ഒരു വിവാഹം

നടക്കുകയുണ്ടായി. ഡൽഹി യുക്തിവാദിസംഘം സെക്രട്ടറി സുധാംശുശേഖറും ഓറീസക്കാരി മഞ്ജുവും തമ്മിലായിരുന്നു വിവാഹം. വിവാഹത്തിനു പറഞ്ജ്പൈ നേതൃത്വം നൽകി. നിറപറയും നിലവിളക്കും കുരവയും നാഗസ്വരമേളങ്ങളും, താലികെട്ടും കതിർമണ്ഡപവും പുരോഹിതന്മാരും ഒന്നുമില്ലാതെ വളരെ ലളിതമായരീതിയിലായിരുന്നു വിവാഹം നടന്നത്.

# മാർക്സിസം അശാസ്ത്രീയമാണ്

—രാവിപ്പുഡി വെങ്കടാദ്രി

കമ്മ്യൂണിസവും യുക്തിവാദവും ഒന്നിച്ചു പോകാൻ സാദ്ധ്യമല്ലെന്നും മാർക്സിസത്തിന്റെ അടിസ്ഥാനപ്രമാണമായ വൈരുദ്ധ്യാത്മക ഭൗതികവാദം അശാസ്ത്രീയമാണെന്നും ഇന്ത്യൻ യുക്തിവാദിസംഘം വൈസ് പ്രസിഡൻറും തെലുങ്ക് സാഹിത്യകാരനും ചിന്തകനുമായ രാവിപ്പുഡി വെങ്കിടാദ്രി പ്രസ്താവിച്ചു. ഉൽഘാടന സമ്മേളനത്തോടനുബന്ധിച്ച് 'വൈരുദ്ധ്യാത്മകഭൗതികവാദം എന്തുകൊണ്ട് അശാസ്ത്രീയമാണ്' എന്ന വിഷയത്തെക്കുറിച്ചു നടന്ന സിമ്പോസിയത്തിൽ പ്രബന്ധം അവതരിപ്പിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. വെങ്കിടാദ്രി തുടർന്നു: ഭൗതികവാദം ശാസ്ത്രീയമാണ്. ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങൾ ഉൾക്കൊള്ളാനും വികസിക്കാനും ഭൗതികവാദത്തിനു കഴിയും. നേരെമറിച്ചാണ് വൈരുദ്ധ്യാത്മക ഭൗതികവാദമെന്ന മാർക്സിയൻ സിദ്ധാന്തത്തിന്റെ സ്ഥിതി. അതു മാററപ്പെടുത്താൻ പാടില്ലാത്ത അവസാന പ്രമാണമാണെന്നു കമ്മ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നു. മാർക്സിന്റെ പല പ്രവചനങ്ങളും തെററിപ്പോയി. മാർക്സിസം ശാസ്ത്രീയമല്ലെന്നുള്ളതുകൊണ്ടാണ്. ഇന്നു മാററപ്പെടാൻ പാടില്ലാത്ത നിയമങ്ങളും മദ്ധ്യകാല മതങ്ങളുടെ കർശനത്വവും ഉൾക്കൊള്ളുന്ന ഒരു പുതിയ മതമാണ് കമ്മ്യൂണിസം. സ്വതന്ത്രചിന്തക്കു സ്ഥാനമില്ല.

സിമ്പോസിയത്തിൽ പങ്കെടുത്തുകൊണ്ടു സംസ്ഥാന പ്രസിഡൻറു അബ്ദുള്ള മേപ്പയ്യൂർ പറഞ്ഞു. വൈരുദ്ധ്യാത്മക ഭൗതികവാദം ഇന്നു കമ്മ്യൂണിസ്റ്റുകാരുടെ ഒരു വിശ്വാസ പ്രമാണമാണ്. ഒരിക്കൽ സത്യമെന്നു താൻ വിശ്വസിച്ചിരുന്ന ഇസ്ലാംമതം ത്യജിക്കാനുണ്ടായ അതേമാനസിക സംഘർഷംതന്നെ ഈ വിശ്വാസവും ത്യജിക്കാൻ വേണ്ടി വരുമെന്നും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അബ്ദുള്ള പറഞ്ഞു. സിമ്പോസിയത്തിൽ സി.എ. ഉസ്മാൻ, അർജ്ജുൻറാവു (ആന്ധ്ര) ക്യാപ്ററൻ കേലേത്തു കൃഷ്ണൻ, കൃഷ്ണക്കുറുപ്പ്, അജിതാസലാം എന്നിവർ പങ്കെടുത്തു. യോഗത്തിൽ സിലോൺ യുക്തിവാദിസംഘത്തിന്റെ സ്ഥാപക പ്രസിഡൻറു വർക്കിശാന്തിസ്ഥാൻ അദ്ധ്യക്ഷത വഹിച്ചു.



ജന: സെക്രട്ടറി സനൽ ഇടമറുക്

'യുക്തിവാദരാഷ്ട്രം എങ്ങനെ കെട്ടിപ്പടുക്കാം?' എന്ന വിഷയത്തെക്കുറിച്ചു നടന്ന സിംപോസിയത്തിൽ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സനൽ ഇടമറുക് പ്രബന്ധം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു. 'തൊഴിലാളിവർഗ്ഗ സർവ്വാധിപത്യവും പർട്ടിയുടെ ആധിപത്യവുമൊന്നും യുക്തിവാദത്തിനു് അംഗീകരിക്കുവാൻ നിവർത്തിയില്ല. മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അടിസ്ഥാനപ്പെട്ടതിയ ഒരുവ്യവസ്ഥിതിയാണു യുക്തിവാദികൾ വിഭാവനം ചെയ്യുന്നരാഷ്ട്രം. സിമ്പോസിയത്തിൽ ശ്രീനി പട്ടത്താനം, സുധാംശുശേഖർ (ന്യൂഡൽഹി) സി ഐ ഉമ്മൻ, ചിറക്കണ്ടം സലാം എന്നിവർ സംസാരിച്ചു.

ചിന്തയുടെ ആവിഷ്കാരത്തിന്റെ



പ്രസിഡണ്ടു് എം. വി. രാമമൂർത്തി

# മതനിരപേക്ഷതയും ജനാധിപത്യവും യുക്തിവാദ രാഷ്ട്രലക്ഷ്യം

—സനൽ ഇടമറുക്

യും സ്വാതന്ത്ര്യം കലയിലും രാഷ്ട്രീയത്തിലും എന്ന വിഷയത്തെക്കുറിച്ചു നടന്ന സിംപോസിയത്തിൽ അഖിലേന്ത്യ സെവസ് പ്രസിഡന്റ് ഇടമറുക് പ്രബന്ധം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ ചിന്താ സ്വാതന്ത്ര്യമോ ആവിഷ്കാര സ്വാതന്ത്ര്യമോ അഭിപ്രായ സ്വാതന്ത്ര്യമോ ഇല്ല. മദ്ധ്യശതകങ്ങളിൽ ഗലീലിയോ ബ്രൂണോ തുടങ്ങിയവരോടു് മതം ചെയ്ത അതേക്രൂരതയാണു റഷ്യയിലും ഇതര കമ്യൂണിസ്റ്റ് രാജ്യങ്ങളിലും നിലനിൽക്കുന്നതു്. ദ്രാവിഡ കഴകത്തിന്റെ മുൻ നേതാവും തമിഴ്നാട്ടു് യുക്തിവാദിസംഘം പ്രസിഡന്റുമായ കസ്തൂരി, ശശികുമാർ പുറമേരി, ശ്രീനി പട്ടത്താനം തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സമ്മേളനത്തോടനുബന്ധിച്ചു നടന്ന ദിവ്യാത്ഭുത അനാവരണത്തിനു സംസ്ഥാന ജനറൽസെക്രട്ടറി നേതൃത്വം കൊടുത്തു,

# ഇന്ത്യൻ യുക്തിവാദിസംഘം പുതിയ ഭാരവാഹികൾ

അടുത്തരണ്ടുവർഷത്തേയ്ക്കുള്ള ഇന്ത്യൻ യുക്തിവാദിസംഘം ഭാരവാഹികളെ കഴിഞ്ഞ സെപ്റ്റംബർ 13-ാം തീയതി എറണാകുളം പബ്ലിക് ലൈബ്രറിഹാളിൽ ചേർന്ന അഖിലേന്ത്യാ സമ്മേളനം തിരഞ്ഞെടുത്തു.

ചെയർമാനായി ജസ്റ്റിസ് ജഹാംഗീർധാറും [ഹൈദ്രാബാദ്] പ്രസിഡന്റായി എം. വി. രാമമൂർത്തിയും [സെക്കന്തരാബാദ്] വൈസ് പ്രസിഡന്റുമാരായി ഇടമറുക് [ന്യൂഡൽഹി] റാവിപൂഡി വെങ്കടാദ്രി [ആന്ധ്ര], പ്രൊഫ് എൽ. ബി. കെന്നി [മഹാരാഷ്ട്ര] ആർ. കസ്തൂരി [തമിഴ്നാട്] എന്നിവരും ജനറൽ സെക്രട്ടറിയായി സനൽ ഇടമറുകും [ന്യൂഡൽഹി] ജോയിന്റു സെക്രട്ടറിമാരായി ശ്രീനിപട്ടത്താനം [കേരള] കൃഷ്ണക്കുറുപ്പ് [ബറോഡ] എന്നിവരും ട്രഷററായി ബി. ഡി. ശർമ്മ [ഹര്യാന] യും തിരഞ്ഞെടുക്കപ്പെട്ടു.

# സംസ്ഥാന കമ്മിററി ഭാരവാഹികൾ

അടുത്ത വർഷത്തേയ്ക്കുള്ള സംസ്ഥാന പ്രസിഡന്റായി അബ്ദുള്ള മേപ്പയൂരും [കോഴിക്കോട്] വൈസ് പ്രസിഡൻറുമാരായി മേലേത്ത് കൃഷ്ണൻ [കാസർഗോഡ്] സോളി ഇടമറുക് [തിരുവനന്തപുരം] ടി പി ആർ [മലപ്പുറം] ചിറക്കണ്ടം എം എ സലാം [എറണാകുളം] എന്നിവരും സംസ്ഥാന ജനറൽ സെക്രട്ടറിയായി ശ്രീനി പട്ടത്താനവും സെക്രട്ടറിമാരായി ശശികുമാർ പുറമേരി [കോഴിക്കോട്] ജി ഷൺമുഖം കോട്ടയം] സി ഐ ഉമ്മൻ [എറണാകുളം] കല്ലിയൂർ പ്രസന്നരാജ് [തിരുവനന്തപുരം] എന്നിവരും, ഖജാൻജിയായി വരദരാജും [തിരുവനന്തപുരം] തിരഞ്ഞെടുക്കപ്പെട്ടു.

താഴെപ്പറയുന്നവർ സംസ്ഥാനകമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു.

1) മേലേത്ത് കൃഷ്ണൻ
2) അരവിന്ദൻ മാണിക്കോത്ത്
3) കെ. ലക്ഷ്മണൻ ചെങ്ങളായി
4) ബാലൻ കെ. ചമ്പാട്ട്
5) നാണു
6) ശശികുമാർ പുറമേരി
7) അബ്ദുള്ള മേപ്പയൂർ
8) അഡ്വ. കെ. ടി ഗോപാലൻ
9) സെയ്തുമുഹമ്മദ് ആനക്കയം
10) മങ്കട കുഞ്ഞഹമ്മദ് മാസ്റ്റർ
11) ജമീല ആനക്കയം
12) സുഹറ
13) ടി. പി. ആർ മലപ്പുറം
14) നിലമ്പൂർ പ്രദീപ്കുമാർ
15) വി. കൃഷ്ണൻകുട്ടി
16) തൃശ്ശൂർ എം. വി-സാരംഗ്
17) വസന്തകുമാരി
18) മതിലകം നൗഷാദ്
19) ചിറക്കണ്ടം, എം. എ. സലാം
20) സി. ഐ. ഉമ്മൻ
21) ററി. എ. ശിവൻ
22) കെ. എസ് പാൾ
23) സുനിൽദത്ത്
24) ജി ഷൺമുഖം
25) എം. ഡി. ഋഷികുമാർ
26) എ. ഒ. ഷാനവാസ്
27) പ്രതാപൻ
28) എം. രാമചന്ദ്രൻ
29) കെ. ആർ. ജയിംസ്
30) ശ്രീനി പട്ടത്താനം
31) സുമൻദാസ്
32) കൊല്ലം നൗഷാദ്
33) വാളത്തുംഗൽ രാജീവ്
34) ലെസ്ലിപോൾ
35) കെ. ററി. ജോൺ
36) എം, പി, രാജൻ
37) ശിവപ്രസാദ് വലിയത്തു്
38) സി. പി. ജോഷി
39) സോളി ഇടമറുക്
40) വരദരാജ്
41) കല്ലിയൂർ പ്രസന്നരാജ്
45) സാബുരാജ്
43) പത്മകുമാർ
44) വേണു തോന്നയ്ക്കൽ
45) മാത്യു കഞ്ഞിക്കുഴി

---

## ആദർശവിവാഹം

എസ്. എസ്. എൽ സി പാസ്സായതും ഷോർട്ട്ഹാൻറും ടൈപ്പും അറിയാവുന്നതുമായ 24 വയസ്സുള്ള യുവതിക്ക് ജാതിമതപരിഗണന കൂടാതെ വിവാഹം ചെയ്യുന്നതിനു് താല്പര്യമുള്ള യുവാക്കളിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

എഴുതുക;
വിവാഹബ്യൂറോ
C/o രണരേഖ
കൊല്ലം-4

---

രണരേഖയുടെ വരിസംഖ്യ

| | |
|---|---|
| ഒററപ്രതി | രൂ. 1-50 |
| വാർഷിക വരിസംഖ്യ | രൂ. 15-00 |
| വിദേശത്തേയ്ക്ക് | രൂ. 78-00 |

എഴുതുക:
മാനേജർ
രണരേഖ
കിളികൊല്ലൂർ പി. ഒ.
കൊല്ലം-691004

# സതി എന്ന കൊലച്ചതി

ലെസ്‌ലി പോൾ

(ഐ. ആർ. എം. സംസ്ഥാന കമ്മിററി അംഗം)

'സതി' എന്ന ഭീകരമായ അനാചാരം വീണ്ടും തലപൊക്കിത്തുടങ്ങിയിരിക്കുന്നു. രാജസ്ഥാന്റെ തലസ്ഥാനമായ ജയ്പൂരിൽ നിന്നും 80 കിലോമീററർ അകലെയുള്ള സികാർ ജില്ലയിലെ ദിവ്റാല ഗ്രാമത്തിൽ രൂപ്കൻവർ എന്ന പെൺകുട്ടിയെ ജീവനോടെ ചുട്ടെരിച്ചതാണ് 'സതി'യുടെ പേരിൽ ഏററവുമൊടുവിൽ ഉണ്ടായ സംഭവം.

രൂപ്കൻവറിനെ വിവാഹം ചെയ്തുകൊണ്ടാണ് ബിരുദധാരിയും രൂപയുടെ ഭർത്താവുമായ മാൽസിംഗ് മരിച്ചതെന്നാരോപിച്ചുകൊണ്ട് രൂപയുടെ അമ്മാവിയമ്മയും മററുള്ളവരും ചേർന്ന് രൂപയെ ഭർത്തൃഘാതകി എന്നും മററും പറഞ്ഞ് ധാരാളം ശകാരവാക്കുകൾ ചൊരിഞ്ഞതായും, മാൽസിംഗിന്റെ പിതാവ് സുമേർസിംഗും ബന്ധുക്കളായ മംഗേജ് സിംഗ്, ഗോവദ്ധൻ സിംഗ്, റിട്ടയേർഡ് മേജർ സിംഗ്; (ഇദ്ദേഹം ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതിയായിരുന്ന ബാബുരാജേന്ദ്രപ്രസാദിന്റെ സെക്യൂരിററി ഓഫീസറായിരുന്നു) എന്നിവരും ചേർന്നു രൂപയെ ഒരു മുറിയിൽ കൊണ്ടുവന്ന് 'സതി'ക്ക് വിധേയയാകണമെന്ന് ശപഥം ചെയ്യാനാവശ്യപ്പെട്ടതായും, 'സതി'യിൽ നിന്നും രക്ഷപെടാൻ രൂപ മൂന്നുപ്രാവശ്യം ബന്ധുജനങ്ങളുടെ പിടിയിൽ നിന്നും കുതറിമാറാൻ ശ്രമിച്ചതായും ബന്ധുക്കളായ ചില സ്ത്രീകൾ രൂപയെ നിർബന്ധപൂർവ്വം വിവാഹ വസ്ത്രങ്ങൾ ധരിപ്പിക്കുകയും മുഖം മൂടികെട്ടുകയും വിറക് കൂമ്പാരത്തിന് മുകളിൽ പിടിച്ചിരുത്തി ശവശരീരത്തിന്റെ തല രൂപയുടെ മടിയിൽ വെപ്പിക്കുകയും ചെയ്തതായും രക്ഷപെടാൻ യാതൊരു നിവൃ

ത്തിയുമില്ലാതെ രൂപ 'ബാപ്പുജി ബാപ്പുജി' എന്ന് ഉച്ചത്തിൽ നിലവിളിച്ചുവെന്നും ഈ നിലവിളി കേൾക്കാതിരിക്കാൻ ബന്ധുജനങ്ങൾ 'സതിമാതാകീ ജയ്' എന്ന് അതിലും ഉച്ചത്തിൽ ആർത്തുവിളിച്ചതായും നാളികേരങ്ങളും നെയ്യും മററ് ഇന്ധനദ്രവ്യങ്ങളും കൊണ്ട് മൂടിയശേഷം മാൽസിംഗിന്റെ സഹോദരനായ പുഷ്പേന്ദ്രസിംഗിനെ കൊണ്ട് ചിതയ്ക്കു തീ കൊളുത്തിക്കുകയും ചെയ്തതായും ദൃക്‌സാക്ഷികൾ പറയപ്പെടുന്നു

രൂപയുടെ വിവാഹത്തിന് സ്ത്രീധനമായി നൽകിയ വസ്തുക്കളും സ്വർണ്ണപ്പണ്ടങ്ങളും വിലപിടിപ്പുള്ള ഗൃഹോപകരണങ്ങളും സ്വായത്തമാക്കാനും 'സതി'യിലൂടെയും, അതിന്റെ പതിമൂന്നാം നാൾ നടത്തപ്പെടുന്ന 'ചുൻരി മഹോത്സവം' സതിക്ഷേത്രനിർമ്മാണം തുടങ്ങിയവയുടെ പേരിലും ലക്ഷക്കണക്കിന് പണം സംഭരിക്കാനും കൂടിയാണ് ഈ ഹീനകൃത്യം നടത്തിയതെന്നും അന്വേഷണത്തിൽ അറിയുന്നുണ്ട്

വൃന്ദാവനം എന്ന സ്ഥലത്ത് ഉയർത്തിക്കെട്ടിയ പന്തലിൽ പൂർണ്ണനഗ്നനായിരുന്ന ദേവരാനബാബ എന്ന ദിവ്യന്റെ വലതുകാൽപാദം തന്റെ നെററിയിൽ വച്ച് മോക്ഷപ്രാപ്തിനേടാൻ അവിടെ ചെന്ന് തലകുനിച്ചുനിന്നുകൊടുത്തതു നാണം കെട്ട ലോകസഭാസ്പീക്കർ ബൽറാം ജാക്കറുടെ നിയോജകമണ്ഡലത്തിലാണ് ഈ ഭീകരസംഭവം നടന്നതെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ദിരാകോൺഗ്രസ് സ്ഥാനാർത്ഥിയായിരുന്ന ജാക്കറുടെ വിജയത്തിനുവേണ്ടി പ്രയത്നിച്ച കോൺഗ്രസ്സ് (ഐ) പി സി സി സെക്രട്ടറി ദീപേന്ദ്രസിംഗ് ശേഖാവത്; ജനതാപാർട്ടിയുടെ രാജസ്ഥാൻ പ്രദേശ് കമ്മിററി പ്രസിഡൻറ് കല്യാൺസിംഗ് കൽവി, യുവജനതയുടെ സംസ്ഥാന പ്രസിഡൻറ് രാജേന്ദ്രസിംഗ് രാഥോ


## പുന്നപ്ര- വയലാർ

(സമ്പൂർണ്ണ സമരചരിത്രം)

നാല്പതിററാണ്ടുകൾക്കു ശേഷം പുന്നപ്ര വയലാർ സമരത്തിന് ഒരു ആധികാരിക പഠനഗ്രന്ഥം! അദ്ധ്യാപകർ, വിദ്ധ്യാർത്ഥികൾ, ഗവേഷണകുതുകികൾ, രാഷ്ട്രീയ പ്രവർത്തകർ, നിരൂപകർ, പത്രപ്രവർത്തകർ തുടങ്ങി ബഹുമുഖമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർ വാങ്ങി സൂക്ഷിക്കേണ്ട ഒരമൂല്യഗ്രന്ഥം

പ്രശസ്ത പത്രപ്രവർത്തകനും ചരിത്രഗവേഷകനുമായ ശ്രീ. പി. എസ് തെക്കുംഭാഗം തയ്യാറാക്കിയ പുന്നപ്രവയലാർ സമരചരിത്രം പ്രശസ്ത സാഹിത്യകാരനായ ശ്രീ വൈക്കം ചന്ദ്രശേഖരൻ നായർ എഡിററു ചെയ്യുന്ന ഡമ്മി 1/8 സൈസ് 800-ഓളം പേജുകൾ ഓഫ്സെററ് അച്ചടി

മികച്ച കാലിക്കോ ബയൻറിംഗ്.

വില 90രൂ. പ്രി: പബ്: സൗജന്യവില 50 രൂ. തവണ 60രൂ (10+30+20) മുഴവൻ തുകയായ 50 രൂപയോ ആദ്യഗഡുവായ 10രൂപയോ അയച്ചു നിങ്ങളുടെ കോപ്പി ഉറപ്പുവരുത്തുക. തുക കിട്ടിയാലുടൻ രസീതും രജിസ്റ്റർ നമ്പരും അയച്ചു തരുന്നതാണ്.

**ജീനിയസ് പബ്ളിക്കേഷൻസ്**

**ശങ്കേഴ്സ് ഹോസ്പിററൽ ജംഗ്ഷൻ, കൊല്ലം-691001**

ഡ്; ലോക്ദൾ (ബി) എം. എൽ എ രാമേശ്വർ പ്രസാദ്‌യാദവ്, ഭാരതീയ ജനതാപാർട്ടിയുടെ എം എൽ എ മാരായ ഹർലാൽഖർ, ഹഗിനംഗാര, എന്നിവരും ഐ എൻ ടി യു സി, എച്ച് എം എസ് തുടങ്ങിയ തൊഴിലാളി സംഘടനകളിലെ ഒരു വിഭാഗം പ്രവർത്തകരും സതിആഘോഷകമ്മിററിയിൽ അംഗങ്ങളാകുകയും, സതിനടന്ന സ്ഥലത്തിന് വലയംവയ്ക്കുകയും, അവിടെ നിന്നും ചാരമെടുത്ത് നിറുകയിൽ തൊടുകയും, ആ സ്ഥലത്ത് പ്രാർത്ഥന നടത്തുകയും; സതിയോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തതു് അത്യന്തം ഖേദകരമായിപ്പോയി. അതു് അവരുടെ മാത്രമല്ല രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും ഉള്ളിലിരുപ്പുതന്നെ വ്യക്തമാക്കുന്നതാണ്.

രജപുത്രർ അസാമാന്യധീരതയുള്ളവരാണെന്നും അവരുടെ മതാചാരങ്ങളെ എതിർക്കാൻ ആരെയും അനുവദിക്കുകയില്ലെന്നുമാണ് ഇപ്പോൾ 'മഹാസതികമ്മിററിക്കാർ' പറയുന്നതു്. ഇന്ദിരാകോൺഗ്രസ്സിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി അടുത്തകാലത്തു നിയമിതനായ എൻ സി ചതുർവേദി എന്ന ഉത്തർപ്രദേശുകാരൻ ''സതി''ക്കെതിരെ രാജസ്ഥാൻ ഗവൺമെന്റിനു, ഒന്നും ചെയ്യാൻ കഴിയാതെ വന്നതിനെ ന്യായീകരിച്ചുകൊണ്ട് ഗ്രാമക്കാരോട് സംസാരിച്ചതു കോൺഗ്രസ്സ്(ഐ) യുടേയും ഇന്ത്യാ ഗവൺമെന്റിന്റെയും നിലപാടിനെ സംബന്ധിച്ച് ജനങ്ങളുടെയിടയിൽ സംജാതമായിട്ടുള്ള സംശയത്തിനു് ശക്തി നൽകുന്നതാണ്.

ഹിന്ദുമതത്തിലെ ചില ആധുനിക സ്വാമികൾ ''സതി''ക്കനുകൂലമായി രംഗത്തിറങ്ങിയിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കാഞ്ചികാമകോടി പീഠാധിപതിയെന്നറിയപ്പെട്ടിരുന്ന ജയേന്ദ്രസരസ്വതി എന്ന സ്വാമി ''സതി'' അനുഷ്ഠിക്കുന്നതിനെതിരെ പ്രഭാഷണം നടത്തിയതിലൂടെ ഹൈന്ദവവിരുദ്ധനായി തീർന്നുവെന്നും ഹൈന്ദവതയിൽ സതിക്കു സ്ഥാനമില്ലെന്നു പറഞ്ഞതിലൂടെ ജയേന്ദ്രസരസ്വതി സ്വാമി ഹൈന്ദവനിയമം തന്നെ ലംഘിച്ചുവെന്നും പുരിയിലെ ശങ്കരാചാര്യ എന്നറിയപ്പെടുന്ന നിരഞ്ജൻദേവി ന്യൂഡൽഹിയിൽവച്ചു നടത്തിയ ഒരു ഹൈന്ദവ സമ്മേളനത്തിൽ വ്യക്തമാക്കിയിരിക്കുന്നതായറിഞ്ഞിരിക്കുന്നു'

''സതി'' എന്ന കിരാതമായ ഈ ആചാരം ഹിന്ദുമതവിശ്വാസവുമായി ബന്ധപ്പെടുത്തി അതിനെ വളർത്തിയെടുക്കാൻ ഇത്തരം മതഭ്രാന്തന്മാരും അന്ധവിശ്വാസികളും പരിശ്രമിക്കുന്നതു് ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

മുഖചിത്രം സതിക്കു വിധേയമായ രൂപ്കൻവറുടേതാണ്—പത്രാ:


## വിൽപനയ്ക്കുള്ള യുക്തിവാദഗ്രന്ഥങ്ങൾ

ബൂർഷ്വാ കമ്മ്യൂണിസത്തിൽ നിന്നു മുന്നോട്ട് — ഇടമറുക് വില–ഒരുരൂപ

ദശാവതാരങ്ങളും പരിണാമവാദവും — ഇടമറുക് വില–ഒരുരൂപ

ശെയ്ത്താൻപോ — യുക്തിവാദ നാടകം വില–ഒരുരൂപ

യുക്തിവാദ ലേഖനങ്ങൾ — കല്ലിയൂർ പ്രസന്നരാജ് വില–മൂന്നുരൂപ

മിശ്രവിവാഹപ്രസ്ഥാനം കേരളത്തിൽ — ജി. ഷൺമുഖം വില അഞ്ച്‌രൂപ

ഭഗവത്ഗീത മാനവികതയ്ക്കു് ഒരു ഭീഷണി — വില ഒന്നരരൂപ

എഴുതുക: C/o രണരേഖ കൊല്ലം-4

# രണരേഖ ഫണ്ട്

രണരേഖ നടത്തിക്കൊണ്ടുപോകുന്നതിനു് ഒരു ഫണ്ട് അത്യന്താപേക്ഷിതമാണു്. ജാതിമത വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കെതിരെ ചിന്തിക്കുന്ന ഏവരും ഉദാരമായി സംഭാവന ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. സംഭാവന ചെയ്തവരുടെ പേർവിവരം ചുവടെ ചേർക്കുന്നു. സംഭാവന ചെയ്യുന്നവരുടെ പേരുവിവരം തുടർന്നു പ്രസിദ്ധീകരിക്കുന്നതാണു്.

ശ്രീ: മേലേത്തു് കൃഷ്ണൻ — രൂ. 500—00
(കാസർഗോഡ്)

എസ്. വരദരാജ് — രൂ. 100—00
(തിരുവനന്തപുരം)

ബി. എൽ. എസ്. വരപ്രസാദ് — രൂ. 35—00
(ആന്ധ്ര)

—മാസിക കമ്മിററി


**For wholesale and Retail of all kinds of Papers**

**Contact us–**

**ANNOOR BOOK CENTRE & PAPER MART**

**Near Amman Nada, Pattathanam, Quilon-I**

Phone: 77430 Branch: KOTTIYAM

We undertake all kinds of Ruling and Binding Works

Wholesale Dealers in- KUNNATH PAPER MILLS;
WEST-COST PAPER MILLS,
BALAKRISHNA PRINTING INKS,
GANESH PRINTING INKS.

കൊല്ലം നൗഷാദ് എം. എ.
(ഐ. ആർ. എ. കൊല്ലം ജില്ലാ പ്രസിഡന്റ്)

# വൈരുദ്ധ്യാത്മക ഭൗതികവാദത്തിലെ അശാസ്ത്രീയതകൾ

വൈരുദ്ധ്യാത്മക ഭൗതികവാദം എന്നത് കാൾമാർക്സിന്റെ സംഭാവനയാണെന്നാണ്, പലരും കരുതിപ്പോരുന്നത്. എന്നാൽ അത് ശരിയല്ല. മാർക്സ് തന്റെ കൃതിയിൽ ഒരിടത്തുപോലും വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന പദം ഉപയോഗിച്ചിട്ടില്ല. അത് പിൽക്കാലത്ത് മാർക്സിസ്റ്റുകൾ കൊണ്ടുവന്നതാണ്. എന്നാൽ ഇത്തരം ഒരു ആശയത്തെക്കുറിച്ച് മാർക്സ് ധാരാളം പറഞ്ഞിട്ടുണ്ട്. പക്ഷേ ആ ആശയത്തിന്റെയും അതിന്റെ പിന്നിലുള്ള ദാർശനിക വീക്ഷണത്തിന്റെയും കാര്യത്തിലും മാർക്സിന് അവകാശപ്പെടാൻ ഒന്നും ഇല്ല. ഈ ആശയത്തിന് മനുഷ്യവംശത്തോളം പഴക്കമുണ്ട്. മനുഷ്യർ ചോദ്യം ചെയ്യുവാനും അന്വേഷിക്കുവാനും തുടങ്ങിയ കാലംമുതൽ വൈരുദ്ധ്യങ്ങൾ നിലവിൽ വന്നു. എന്നാൽ ജർമ്മൻ ചിന്തകനും ദാർശനികനമായ ഹെഗൽ ആണ് ഈ ചിന്താപദ്ധതിയെ ഏററവും വികസിപ്പിച്ചത്. ആശയവാദം തെളിയിയിക്കാനാണ് അദ്ദേഹം അതുപയോഗിച്ചത്, പിൽക്കാലത്ത് ഈ ചിന്താപദ്ധതി മാർക്സ് അനുകരിച്ചെന്നുമാത്രം.

മാർക്സ് ഭൗതികവാദ സിദ്ധാന്തം തെളിയിക്കുവാൻ അത് ഉപയോഗിച്ചു. ആശയവാദം എന്തെന്നാൽ ആദ്യം ഉണ്ടായത് ആശയം ആണെന്നാണ്. ഒരു പരാശക്തിയാണ് എല്ലാം സൃഷ്ടിച്ചതെന്നു ചുരുക്കം. എന്നാൽ ഭൗതികവാദം ഇത്തരം ഒരു പരാശക്തിയേയും ആശയത്തേയും അംഗീകരിക്കുന്നില്ല. വസ്തു എന്നുമുള്ളതാണെന്നും അതിന്റെ രാസയോഗത്തിന്റെ ഫലമായിട്ടാണ് ജീവൻ ഉണ്ടായതെന്നു അവർ പറയുന്നു

മാർക്സ് ഒരിക്കലും വൈരുദ്ധ്യാത്മക ഭൗതികവാദം ഒരിടത്തും ഉപയോഗിച്ചില്ലെങ്കിലും ലെനിനും സ്റ്റാലിനും ആ പദം ശരിക്കും ഉപയോഗിച്ചു. ഏംഗൽസ് ഈ വാദം തർക്കശാസ്ത്രത്തിൽ നിന്നും അടർത്തി എടുത്തു ചരിത്രത്തിലും ഗണിതത്തിലും ഊർജ്ജതന്ത്രത്തിലും കൂടുതൽ ഉപയോഗിക്കുകയുണ്ടായി. ആ ശാസ്ത്രശാഖകളിലൊന്നും അഗാധമായ ജ്ഞാനം ഉണ്ടായിരുന്നില്ല. അതുകൊണ്ടു ഈ വാദം പ്രസ്തുത വിഷയങ്ങളിൽ പ്രാവർത്തികമാക്കിയപ്പോൾ അവ്യക്തതയുടെയും അശാസ്ത്രീയതയുടെയും വസ്തുതകൾ ശരിക്കും നിഴലിച്ചു കാണുന്നു.

പതിനഞ്ചാം നൂററാണ്ടു മുതലാണ് ശാസ്ത്രം വളരെ പുരോഗതി പ്രാപിച്ചത്. ശാസ്ത്രത്തിന്റെ സഹായത്തോടെ ഭൗതികവാദം ശരിക്കും വളരുവാൻ തുടങ്ങി, അങ്ങനെ വീക്ഷിക്കുമ്പോൾ ഭൗതികവാദത്തിന് ഒരു യഥാർത്ഥ സ്ഥാപകനില്ല എന്നു കാണാവുന്നതാണ്, അ

തുകൊണ്ടു മാർക്സിനെ ഭൗതികവാദത്തിന്റെ സ്ഥാപകനാക്കുവാൻ ആരെങ്കിലും ശ്രമിക്കുന്നതു യുക്തിസഹജമല്ല.

വാദപ്രതിവാദം നടത്തുക എന്നർത്ഥമുള്ള ഗ്രീക്കുവാക്കായ 'ഡയലെഗോ'വിൽ നിന്നാണു് വൈരുദ്ധ്യാത്മക വാദം (ഡയലറ്റിക്സ്) എന്ന വാക്കുണ്ടായതു്. എതിരാളിയുടെ വാദത്തിലുള്ള വൈരുദ്ധ്യങ്ങൾ പുറത്തു കൊണ്ടുവരുകയും ആ വൈരുദ്ധ്യങ്ങളെ തരണം ചെയ്യുകയും വഴി സത്യത്തിലെത്തിച്ചേരുകയും ചെയ്യുന്ന സമ്പ്രദായത്തിനാണു് പണ്ടുകാലത്തു് വൈരുദ്ധ്യാത്മകവാദം എന്നു പറഞ്ഞിരുന്നതു്. ചിന്തയിലുള്ള വൈരുദ്ധ്യങ്ങൾ പുറത്തു കൊണ്ടുവരികയും വിപരീത അഭിപ്രായങ്ങളുടെ സംഘട്ടനങ്ങളും ആണു് സത്യത്തിലെത്തിച്ചേരാനുള്ള ഏററവും നല്ല മാർഗ്ഗമെന്നു

ചിന്തയിലുള്ള ഈ വൈരുദ്ധ്യാത്മക സമ്പ്രദായത്തെ പിന്നീടു് പ്രകൃതിയുടെ പ്രതിഭാസങ്ങളിലേക്കു് വ്യാപിപ്പിക്കുകയും പ്രകൃതിയെ മനസ്സിലാക്കുവാനുള്ള വൈരുദ്ധ്യാത്മകരീതിയാക്കി വികസിപ്പിക്കുകയും ചെയ്തു. പ്രകൃതിയുടെ പ്രതിഭാസങ്ങൾ സ്ഥിരമായ മാററത്തിനു് വിധേയമാണെന്നു് ഈ രീതിയനുസരിച്ചു് കണക്കാക്കപ്പെടുന്നു. പ്രകൃതിയുടെ വളർച്ച പ്രകൃതിയിലുള്ള വൈരുദ്ധ്യങ്ങളുടെ വളർച്ചയുടെയും പ്രകൃതിയിലുള്ള പരസ്പരവിരുദ്ധമായ ശക്തികളുടെയും ഫലമാണെന്നു് കണക്കാക്കപ്പെടുന്നു. (സ്റ്റാലിൻ തിരഞ്ഞെടുത്ത കൃതികൾ ഭാഗം 2 പേജ് 10)

ഇവിടെയാണു് കുഴപ്പങ്ങളുടെ ആരംഭം. വാദപ്രതിവാദത്തിൽ ഉപയോഗിക്കുന്ന വൈരുദ്ധ്യാത്മക സിദ്ധാന്തം

> **വൈരുദ്ധ്യാത്മക ഭൗതികവാദം എന്നതു് കാറൽ മാർക്സിന്റെ സംഭാവനയാണെന്നാണു പലരും കരുതിപ്പോരുന്നതു്. എന്നാൽ അതു ശരിയല്ല. മാർക്സ് തന്റെ കൃതിയിൽ ഒരിടത്തുപോലും വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന പദം ഉപയോഗിച്ചിട്ടില്ല. അതു പിൽക്കാലത്തു് മാർക്സിസ്റ്റുകൾ കൊണ്ടുവന്നതാണു്**

...വിശ്വസിച്ചിരുന്ന ദാർശനികന്മാർ ...പണ്ടുണ്ടായിരുന്നു. (സ്റ്റാലിൻ തെര...ഞ്ഞെടുത്ത കൃതികൾ വാല്യം 2 ...പേജ്-10)

ഇത്രയും കാര്യത്തിൽ ആർക്കും വി...യോജിപ്പ് ഉണ്ടാകേണ്ട കാര്യമില്ല. ...ണ്ടുപേർ തമ്മിൽ തർക്കമുണ്ടാകുമ്പോൾ ...അല്ലെങ്കിൽ രണ്ടു് ആശയങ്ങൾ ഏററു...ട്ടുമ്പോൾ ചിന്തയിലുള്ള വൈരുദ്ധ്യ...ങ്ങൾ വ്യക്തമാവുകയും രണ്ടുകൂട്ടരും തെ...റ്റുകൾ തിരുത്തുകയും ചെയ്യാറുണ്ടു്. ...തു് ആശയങ്ങളുടെ കാര്യത്തിൽ ശരി...യാണു് പക്ഷേ പ്രകൃതിയുടെ കാര്യത്തി...ലും ഇതു് ശരിയാണെന്നു് മാർക്സ് പറ...ഞ്ഞു: അദ്ദേഹത്തെ അനുകൂലിച്ചുകൊ...ണ്ടു് സ്റ്റാലിൻ തുടരുന്നു.

എങ്ങനെയാണു് പ്രകൃതിയുടെ പ്രതിഭാസങ്ങളിലേക്കു് വ്യാപിപ്പിക്കുന്നതു്? പ്രകൃതിയുടെ പ്രവർത്തനം ബുദ്ധിപരമല്ല. തലച്ചോറുള്ള ജീവികൾക്കുമാത്രമേ ബുദ്ധിയുള്ളൂ. ബുദ്ധി ഉപയോഗിച്ചു് ചിന്തിക്കുകയും തർക്കിക്കുകയും അതുവഴി യാഥാർത്ഥ്യം കണ്ടുപിടിക്കുകയും ചെയ്യുന്നരീതി പ്രകൃതിയിൽ അറിഞ്ഞിടത്തോളം മനുഷ്യനു മാത്രമേയുള്ളൂ.

പ്രകൃതിയുടെ പ്രവർത്തനങ്ങൾ ഇങ്ങനെയാണു് നടക്കുന്നതെന്നു പറഞ്ഞാൽ പ്രകൃതിക്കു പിന്നിൽ അവയെ നിയന്ത്രിക്കുന്ന ബുദ്ധി അഥവാ ഈശ്വരൻ ഉണ്ടെന്നു അർത്ഥം, അപ്പോൾ അതു് ആത്മീയവാദമാകും. അപ്പോൾ മാർ

തണേരഖ

ദാർശനികഗണം–1

# അജിതകേശകംബളൻ

അബ്ദുള്ള മേപ്പയ്യൂർ

(ഇന്ത്യൻ യുക്തിവാദിസംഘം സംസ്ഥാന പ്രസിഡൻറ്)

ബുദ്ധമതത്തിൻെറ കാലത്തു ജീവിച്ചിരുന്ന ഭൗതികവാദിയായ ഒരു ദാർശനികനായിരുന്നു അജിതകേശകംബളൻ. കോസലരാജാവായ പ്രസേനജിത്ത് അജിതകേശനെ ബുദ്ധനെക്കാൾ പണ്ഡിതനാണെന്ന് വിശേഷിപ്പിച്ചു കാണുന്നു. അദ്ദേഹത്തിൻെറ പേരിനെ സംബന്ധിച്ചു ചില പരാമർശങ്ങൾ ഉണ്ട്. മനുഷ്യ കേശനിർമ്മിതമായ വസ്ത്രങ്ങളാണ് അജിതകേശൻ ധരിച്ചിരുന്നതെന്നും അതുകൊണ്ടാണ് പ്രസ്തുത പേര് വരാൻ കാരണമെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

പരലോകത്ത് മോക്ഷം ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടി ചെയ്യുന്ന ദാനം, യജ്ഞം, ഹവനം, എന്നിവ പ്രയോജനരഹിതമാണെന്നു അജിതകേശൻ പ്രചരിപ്പിച്ചു. സ്വർഗ്ഗനരകങ്ങൾ, പരലോകസങ്കല്പം, ത്രികാലജ്ഞാനം തുടങ്ങിയവ പരമമായ അബദ്ധധാരണകളാണെന്ന് അജിതകേശൻ സമർത്ഥിച്ചു.

'മനുഷ്യൻ നാലു ഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണ്. അവൻ മരിക്കുമ്പോൾ പ്രസ്തുത ഭൂതങ്ങൾ അവയോട് ഒത്തുചേരുന്നു. ആ നാലു ഭൂതങ്ങൾ മണ്ണ്, തേജസ്സ്, ജലം, വായു എന്നിവയാണ്. ഇവയിൽ മണ്ണു ഭൂമിയോടും, ജലം ജലവുമായും, തേജസ്സ് അഗ്നിയോടും വായു വായുവിനോടും കൂടി ചേരുന്നു. മരണാനന്തരം ആത്മാവ് നിലനില്ക്കുന്നില്ല' ഈ തത്വങ്ങൾ അദ്ദേഹം വളരെ ശക്തമായി പ്രചരിപ്പിച്ചു. ആത്മീയവാദപരമായ ചിന്തകൾക്കെതിരായ കനത്ത പ്രഹരമായിരുന്നു അജിതകേശൻെറ സിദ്ധാന്തങ്ങൾ.

അജിതകേശൻെറ ദർശനങ്ങളിൽ പലതും അദ്ദേഹത്തിൻെറ എതിരാളികളിൽനിന്നാണ് നമുക്ക് ലഭിച്ചിരിക്കുന്നതു്. അതുകൊണ്ടുതന്നെ അദ്ദേഹത്തിൻെറ ദർശനത്തെ വികലപ്പെടുത്താൻ എതിരാളികൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. പ്രാചീന ഭൗതികവാദരംഗത്ത് വിലപ്പെട്ട സംഭാവനകളാണ് അജിതകേശൻ നല്കിയിട്ടുള്ളതു്. ഭാരതീയ ദാർശനികനായ അജിതകേശനെ സംബന്ധിച്ചു വളരെ ചുരുങ്ങിയ വിവരങ്ങൾ മാത്രമേ നമ്മുടെ അറിവിൽ ഇന്നു നിലനില്ക്കുന്നുള്ളൂ. അവയിൽ പലതും നമുക്ക് ലഭിച്ചിരിക്കുന്നതു് 'ത്രിപിടക'ത്തിൽനിന്നുമാണ്.

(അടുത്തതു് 'അസംഗൻ' എന്ന ഭാരതീയ ദാർശനികൻ)

---

ക്കിൻെറ സിദ്ധാന്തംതന്നെ അടിസ്ഥാനമായി തെററുന്നു.

പ്രകൃതിയുടെ നിയമങ്ങൾക്കു തെററും ശരിയുമില്ല. ഉദാഹരണമായി അഗ്നിപർവ്വത സ്ഫോടനം, അതിവൃഷ്ടി, കൊടുങ്കാററ്, ഇടിമിന്നൽ തുടങ്ങിയ പ്രകൃതിയുടെ പ്രതിഭാസങ്ങൾ തെററ്, ശരി എന്നിവയുടെ അടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നതെന്നു മനസ്സിലാകും. അതു് ബുദ്ധിപരമായല്ല പ്രവർത്തിക്കുന്നതെന്നു അല്പം ജ്ഞാനം ഉള്ള ആളുകൾക്കുപോലും മനസ്സിലാകുന്നതാണ്. ബുദ്ധിയില്ലാത്ത വസ്തുക്കളുടെ നിയമങ്ങൾക്ക് ബുദ്ധിയുടെ നിയമങ്ങൾ ബാധകമാക്കുന്നതു് ശരിയായ സമീപനമല്ല.

ഇനി വൈരുദ്ധ്യാത്മക സിദ്ധാന്തത്തിലെ പ്രധാന നിയമങ്ങളിലേക്ക് കടക്കാം.

(തുടരും)

# മദ്യപാനംകൊണ്ടുള്ള ദോഷങ്ങൾ

മദ്യപാനംമൂലം മനുഷ്യ ശരീരത്തിൽ ഏററവും കൂടുതൽ ക്ഷതം സംഭവിക്കുന്ന അവയവങ്ങൾ ആമാശയം, കരൾ, കിഡ്നി എന്നിവയാണെന്നു മെഡിക്കൽ സയൻസ് പറയുന്നു.

ഇതിൽതന്നെ ഏററവുമധികം കേടുപററാവുന്നതു് ആമാശയത്തിനും കരളിനുമാണു്. മദ്യപാനം ആമാശയത്തിൽ ഹൈപ്പർ, അനീമിയ, അൾസർ എന്നിവയ്ക്കു കാരണമാകുന്നു.

മദ്യം കഴിക്കൽ ഒരു സ്ഥിരം ശീലമായി മാറിക്കഴിഞ്ഞാൽ അയാൾ രാവിലെ ഉറക്കമെഴുന്നേൽക്കുമ്പോൾ മുതൽ ചുമച്ചു കഫക്കട്ടകൾ തുപ്പുന്ന ഒരു നിത്യരോഗിയായി വളരെ വേഗം രൂപാന്തരപ്പെടും. ആഹാരത്തിനോടു് വിരക്തിയും ദഹനക്കുറവും ഇതിന്റെ ഭാഗമായുണ്ടാകും.

മദ്യം കരളിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതുമൂലമുണ്ടാകാവുന്ന പ്രധാന അസുഖങ്ങൾ ഫാററിലിവർ, ആൽക്കഹോളിക് ഹെപ്പററൈററിസ്, ഹെപ്പാററിക് സിറോസിസ് എന്നിവയാണു്. കരളിലെ കോശങ്ങൾക്കു മദ്യം നേരിട്ടു ക്ഷതമേൽപ്പിക്കുന്നതുമൂലമാണു് ഇപ്രകാരം സംഭവിക്കുന്നതു്.

മദ്യം ഹൃദയത്തിന്റെയും കിഡ്നിയുടെയും പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നുണ്ടു്. ഹൃദയത്തിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന പേശികളെ മദ്യം തളർത്തുകയും ഹൃദയത്തിന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുകയും ചെയ്യും. രക്തത്തിൽനിന്നു മാലിന്യം നീക്കം ചെയ്യുക എന്ന പരമപ്രധാന കടമ നിർവ്വഹിക്കുന്ന കിഡ്നിയിലെ കോശങ്ങളെ മദ്യം ആക്രമിക്കുകയും രക്തത്തിൽ ആവശ്യമുള്ള വസ്തുക്കളെ മൂത്രത്തിലൂടെ പുറത്തുകളയാനും ആവശ്യമില്ലാത്ത മാലിന്യങ്ങളെ നിലനിർത്തി രക്തത്തെ ഉപയോഗശൂന്യമാക്കാനും ഇടയാക്കുന്നു:


അഹമ്മദിയ്യാക്കാരുടെ വെല്ലുവിളിക്ക്
ഒരു മറുപടി !!

**'ഖുർ ആനിന്റെ തനിമ'**

അബ്ദുല്ല മേപ്പയൂർ

വില 2 രൂപ

വിലാസം— മാനേജർ, ഹിക്മത്ത് പബ്ലിക്കേഷൻസ്,
മേപ്പയൂർ-P. O, കോഴിക്കോട്
Pin—673524

# ക്ഷണിക്കപ്പെടാത്ത അതിഥി–

# മരണമെന്ന യാഥാർത്ഥ്യം

വേണു തോന്നയ്ക്കൽ

മരണത്തിനപ്പുറം ജീവിതമില്ലാത്തതിനാൽ മനുഷ്യജീവിതത്തിലെ ഒരു സുപ്രധാനഘട്ടമാണ് മരണം. മരണം അപ്രതീക്ഷിതമായി കടന്നുവരുന്നു. യഥേഷ്ടം ജനനം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുള്ള ശാസ്ത്രത്തിന് മരണത്തെ നിയന്ത്രണാധീനമാക്കുവാനായിട്ടില്ല. മരണം ദുഷ്കരമാണ്. വേണ്ടപ്പെട്ട വ്യക്തിയല്ലെങ്കിൽക്കൂടി മരണാസന്നനായി കിടക്കുന്ന ഒരാൾ മററുള്ളവരിൽ ദുഃഖം ജനിപ്പിക്കുന്നു. അടിസ്ഥാനപരമായി മനുഷ്യമനസ്സിന്റെ പ്രവർത്തനം ഒരുപോലെയായതുകൊണ്ട് ദേശവ്യത്യാസമോ പ്രായവ്യത്യാസമോ ഇല്ലാതെ മനുഷ്യൻ മരണത്തെക്കുറിച്ചു ദുഃഖിതനാവുന്നു. സാഹചര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, സംസ്കാരം എന്നിവ വ്യക്തികളുടെ ദുഃഖതീവ്രതയിൽ വ്യത്യാസം വരുത്തുന്നു. ജീവിതത്തോടുള്ള ക്രിയാത്മകമായ സമീപനം സ്വന്തം വ്യക്തിത്വത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ വളരെ സ്വാധീനം ചെലുത്തുന്നു.

വൈദ്യശാസ്ത്രത്തിന്റെയും സാങ്കേതികശാസ്ത്രത്തിന്റെയും വളർച്ച ഭയത്തോട് മനുഷ്യനുള്ള സമീപനത്തിൽ ഒട്ടേറെ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. മരണത്തിന്റെ മനഃശാസ്ത്രപരമായ അഭിയോഗത്തെക്കുറിച്ച് നാം വളരെയേറെ ബോധവാന്മാരാണ്. മരണം ഓരോരുത്തരിലും ഉളവാക്കുന്ന ദുഃഖവും അതിന്റെ വളർച്ചയും പരിസമാപ്തിയും ഏറെക്കുറെ ദുരൂഹമാണെങ്കിലും ആധുനികമനഃശാസ്ത്രം ഇന്നിവിടെയെല്ലാം കടന്നുചെന്നിട്ടുണ്ട്. തന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് രോഗിക്കും അയാളുടെ ബന്ധുക്കൾക്കും മനസ്സിലായാൽ വിഭിന്ന വികാരങ്ങളുടെ വേലിയേററമാവും ഇരുകൂട്ടരിലും അനുഭവപ്പെടുക. തന്റെ മരണം ആസന്നമായി എന്നു മനസ്സിലാകുന്ന വ്യക്തിയുടെ ഭയം ഏറെ സങ്കീർണ്ണമാണ്. പ്രായഭേദമനുസരിച്ചു മരണഭയത്തിലും വ്യത്യാസം പ്രകടമാകുന്നു. ജീവചരിത്രപരമായ സംഭവങ്ങൾ, വ്യക്തിയുടെ ബന്ധങ്ങൾ എന്നിവയുടെ സ്വാധീനം മരണഭയത്തെ ബാധിക്കുന്നതായി കാണാം.

മരണത്തെക്കുറിച്ചുള്ള ഒരാളുടെ കാഴ്ചപ്പാടിൽനിന്നും, അയാൾക്ക് ജീവിതത്തോടുള്ള സമീപനം ഏറെക്കുറെ ഊഹിക്കാവുന്നതാണ്. 45-നും 54-നും ഇടയിൽ പ്രായമുള്ള മദ്ധ്യവയസ്കരിലാണ് മരണഭയം കൂടുതൽ പ്രകടമാകുന്നത്. 65-നും 74-നും ഇടയ്ക്ക് പ്രായമുള്ളവരിൽ മരണഭയം കുറവായിമാത്രമേ കാണപ്പെടുന്നുള്ളു. ഈ പ്രായത്തിനുള്ളിൽ മരണത്തിന്റെ അനിവാര്യത ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുന്നതിനാലായിരിക്കാമിത്.

മരണഭയത്തെ കീഴ്പ്പെടുത്താനുള്ള പരിശ്രമം ക്ഷിപ്രസാദ്ധ്യമായ കാര്യമല്ലതാനും. ഇഷ്ടജനങ്ങളെയും ഭൗതികസുഖാനുഭൂതികളേയും വേർപിരിയാനുള്ള വൈഷമ്യം അതിതീവ്രമാണ്. പൊട്ടുന്നനെ അംഗീകരിച്ചുകൊടുക്കാനാകാതെ സത്യദർശനങ്ങൾക്കുമുന്നിൽ പകച്ചുനില്ക്കുന്നവരാണല്ലോ നാമെല്ലാം. മരണം മനസ്സിനെ നടുക്കുന്ന സംഭവമാകയാൽ സമചിത്തതയോടെ അതിനെ സ്വീകരിക്കാൻ പ്രയാസമുണ്ട്. മനഃസാന്നിദ്ധ്യം നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കയാണ് മരണത്തെ മുഖാമുഖം കാണുന്ന ഒരുവനാവശ്യമെന്നുള്ളതുകൊ

ണ്ടു് നിശ്ചയങ്ങൾ തനിയെ എടുക്കുന്നതാണ്‌ അഭികാമ്യം.

ഇഷ്ടജന വിരഹം ആർക്കും ഹിതകരമല്ലല്ലോ. ഇതെപ്പററി ആദ്യമായി പഠനം നടത്തിയതു ലിൻഡേമാൻ എന്ന മനഃശാസ്ത്രജ്ഞനാണ്‌, മരണാനന്തരം ബന്ധുക്കളിൽ ഉണ്ടാവുന്ന അസ്വസ്ഥതയ്ക്കുള്ള ശാരീരികവും മാനസികവുമായ കാരണങ്ങൾ ശ്വാസതടസ്സമോ, ഹ്രസ്വശ്വാസഗതിയോ, മരിക്കുന്ന ആളിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള മുൻധാരണകൾ, കുററബോധം മരണത്തോടുള്ള ശത്രുത എന്നിവയാണ്‌. മരിച്ചയാളിന്റെ ബന്ധുക്കളനുഭവിക്കുന്ന ദുഃഖം കുറഞ്ഞതു ആറാഴ്ചയെങ്കിലും നീണ്ടുനില്ക്കുമെന്നാണ്‌ ലിൻഡേമാന്റെ പഠനം തെളിയിക്കുന്നതു്. ഈ കാലഘട്ടത്തിൽ ആശ്വാസം പകർന്നു കൊടുത്താൽ അവരുടെ ദുഃഖസാന്ദ്രതയ്ക്കു് കുറവുവരുത്താൻ കഴിഞ്ഞേയ്ക്കും. എന്നാൽ എല്ലാവരിലും ആശ്വസിപ്പിക്കലിന്റെ സ്വാധീനം ഒരുപോലെയല്ല അനുഭവപ്പെടുന്നതു്. ആശ്വസിപ്പിക്കൽ കൊണ്ടു് ചിലരിൽ ദുഃഖം ദ്വിഗുണീഭവിക്കുന്നു. മററു ചിലർക്കു് ഏകാന്തത അനിവാര്യമായിരിക്കും. മൗനം ഭൂഷണവും. മൂന്നാമത്തെ കൂട്ടരിൽ ദുഃഖസാന്ദ്രത കുറയുന്നതായി കാണാം.

രോഗിക്കു് ആത്മവിശ്വാസം പകർന്നു കൊടുക്കുകയെന്നതു് ദുഃഖിതരായ ഇഷ്ടജനങ്ങൾക്കു് പ്രായേണ ദുഷ്കരമാണ്‌, കുടുംബത്തെക്കുറിച്ചുള്ള ചിന്തകൾ മരണാസന്നനെ ഏറെ ദുഃഖിപ്പിക്കുന്നു. ബന്ധുജനങ്ങളുടെ ഇനിയുള്ള ജീവിതപ്രശ്നങ്ങൾ രോഗിയുടെ മനസ്സിനെ അസ്വസ്ഥമാക്കുന്നു. ദൈനംദിനവൃത്തികളിലുള്ള ശ്രദ്ധ ക്രമേണ നഷ്ടമായിത്തുടങ്ങും. ശാരീരികാസ്വസ്ഥതയും വേദനയും കൂടുന്നു. അങ്ങനെ മരണത്തോടടുക്കുമ്പോൾ ഒരുതരം നിസ്സഹായാവസ്ഥ സംജാതമാകുന്നു. ഡോക്ടർ, നേർസ് (Nurse) എന്നിവരിൽ രോഗി മുമ്പില്ലാത്തത്ര താല്പര്യം കാണിക്കുന്നു. അവരിൽ ആശ്രിതത്വം പ്രകടിപ്പിച്ചു് ദുർബ്ബലമായ തന്റെ മനസ്സിനെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. രോഗിയുടെ മരണം ആസന്നമായി എന്നു പൂർണ്ണമായി ബോദ്ധ്യപ്പെട്ടാൽ കൂടി ഡോക്ടർക്കു് ബന്ധുക്കളോടു് അക്കാര്യം തുറന്നു പറയാൻ കഴിയാതെ വരുന്നു. ഡോക്ടർ ചെറുതായൊന്നു സൂചിപ്പിച്ചാൽ—'വേറെയാരെയെങ്കിലും കാണിക്കണോ' എന്ന ബന്ധുജനങ്ങളുടെ പ്രതികരണവും ആശങ്കയും രോഗിയെ ഒന്നുകൂടി മനോധൈര്യമില്ലാത്തവനാക്കിത്തീർക്കുന്നു. (ചികിത്സയിൽ ആശങ്കപ്രകടിപ്പിക്കുമ്പോൾ, കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കുവാനായി ഡോക്ടർ കൂടുതൽ ശ്രദ്ധ കൊടുക്കുന്നതായി ഭാവിക്കും,)

മരിച്ച വ്യക്തിജീവിച്ചിരുന്നപ്പോൾ നൽകിയിട്ടുള്ള സംഭാവനകളെ പ്രസ്തുത വ്യക്തിയുടെ മരണാനന്തരം അനുസ്മരിക്കാൻ വ്യഗ്രതയുള്ളവരാണ്‌ ഭാരതീയർ, മരണം സംഭവിക്കുമ്പോൾ ആബാലവൃദ്ധം ബന്ധുജനങ്ങളും ദുഃഖിക്കുന്നതുപോലെ സന്തോഷാവസ്ഥ വരുമ്പോൾ എല്ലാവരും ഒരുപോലെ അതു പങ്കിട്ടുവെന്നു വരില്ലായെന്നതാണ്‌ ഏറെ വൈപരീത്യം, മരണം സൃഷ്ടിക്കുന്നമൂകതയിൽ എല്ലാവരും ഇഴുകിച്ചേരുന്നു,

മരണാനന്തരചടങ്ങുകൾ വിശ്വാസമുള്ളവരാണ്‌ പലരും. ഉദകക്രിയകൾ ശരിയാംവണ്ണം ചെയ്യാതെവന്നാൽ ആത്മാക്കൾ അലഞ്ഞുനടക്കും എന്നു് വിശ്വസിക്കുന്നവരുമുണ്ടു്, മരണമെന്ന പ്രതിഭാസത്തെക്കുറിച്ചുള്ള അജ്ഞതയാണ്‌ അത്തരം വിശ്വാസങ്ങൾക്കടിസ്ഥാനം. മരണത്തെ ധൈര്യത്തോടെ നോക്കിക്കാണാനും ഒരു വ്യക്തിയുടെ മരണാനന്തര ദുഃഖത്തിൽ സഹചിത്തതയോടെ പങ്കുചേരാനും ശ്രമിക്കുക മാത്രമേ നമുക്കോരോരുത്തർക്കും കരണീയമായിട്ടുള്ളു.

# ശ്രീരാമൻ നാടുവാണതു പതിനോരായിരം വർഷമോ?

രാമായണവും ഗീതയുമായി നടക്കുന്ന എല്ലാസഹോദരേയും ബുദ്ധിസ്ഥിരത ലഭ്യമാക്കുന്നതിനുവേണ്ടി ഉചിതമായ മാനസിക ചികിത്സക്കു വിധേയരാക്കി എത്രയും വേഗം ചികിത്സിപ്പിക്കേണ്ടതു് അത്യാവശ്യമാണു്.


കാരാളി രാമകൃഷ്ണൻ


"ദശവർഷ സഹസ്രാണി
ദശവർഷ ശതാനി ച
രാമോരാജ്യ മുപാസിത്വാ
ബ്രഹ്മലോകം പ്രയാസ്യതി"

എന്ന ഈ സംസ്കൃത ശ്ലോകപ്രകാരം ശ്രീരാമൻ പതിനോരായിരം വർഷം നാടു വാണിരുന്നുവെന്നാണത്രേ അവകാശം. എന്നാൽ ഇതു് വെറും അതിശയോക്തി നിറഞ്ഞ അവകാശവാദമാണെന്നും ഇതിൽ തരിമ്പും സത്യമില്ലെന്നും സ്പഷ്ടമായിത്തന്നെ പറയാൻ കഴിയും.

മതപുരാണ കഥകളിൽ ഇതുപോലുള്ള അതിശയോക്തിപരമായ പല പ്രസ്താവനകളും സുലഭമായി കാണാവുന്നതാണു്. അതുപോലുള്ള ഒന്നു മാത്രമാണു് ശ്രീരാമൻ പതിനോരായിരംവർഷം രാജ്യം ഭരിച്ചു എന്നു് അവകാശപ്പെടുന്നതും. രാമന്റെ മഹത്വത്തെ ദൃഢീകരിക്കുന്നതിനുവേണ്ടി കെട്ടിച്ചമച്ച അയഥാർത്ഥമായ ഒരു കാലഗണനയാണു് ഇതു്. അല്ലാതെ ഇതിൽ യാഥാർത്ഥ്യത്തിന്റെ കണികപോലും ഇല്ല. മറ്റൊരു കാര്യമുള്ളതു് രാമകഥതന്നെ ഒരു കെട്ടുകഥയാണെന്നിരിക്കെ രാമൻ പതിനോരായിരം വർഷം നാടുവാണിരുന്നു എന്നതിനു് എന്താണു് പ്രസക്തിയുള്ളതു്.

ശ്രീരാമൻ ജനിച്ചുവെന്നു് പറയപ്പെടുന്നതു് ബി. സി 7323-ൽ ആണു്. അതുപോലെ കൃഷ്ണന്റെ ജനനം നടന്നതെന്നവകാശപ്പെടുന്നതു് ബി. സി. 3227–ലും ആണു്. ശ്രീരാമാവതാരം കഴിഞ്ഞതിനുശേഷം ഉണ്ടായ അടുത്ത അവതാരമാണു് ശ്രീകൃഷ്ണന്റേതു് എന്നാണല്ലോ പ്രസിദ്ധി. അങ്ങനെയാണെങ്കിൽ ഈ കാലഗണനവച്ചു് ആദ്യം നമുക്കു് ഒന്നു് കണക്കുകൂട്ടി നോക്കാം. അതായതു് ശ്രീരാമ ജനനം ബി. സി 7323-ൽ നിന്നും ശ്രീകൃഷ്ണന്റെ ജനന വർഷമായ ബി സി 3227–നെ കുറച്ചു നോക്കിയാൽ 4096 എന്നു് കിട്ടുന്നു. അതായതു് രാമൻ ജനിച്ച അന്നു മുതൽ കൃഷ്ണൻ ജനിച്ച വർഷംവരെ രാമൻ രാജ്യം ഭരിച്ചുവെന്നുതന്നെ കരുതുക. എന്നാൽതന്നെയും നാലായിരത്തി തൊണ്ണൂറ്റി ആറു വർഷമേ ആകുന്നുള്ളൂ. ഇതിൽനിന്നുതന്നെ രാമൻ പതിനോരായിരം വർഷം രാജ്യം ഭരിച്ചുവെന്ന അവകാശവാദം പൊള്ളയാണെന്നു തെളിയുന്നു.

ഇനി രസകരമായ മറ്റൊരു കണക്കുകൂടി നമുക്കു വെറുതെ പരിശോധിക്കാം.

ബി. സി. 7323-ൽ മഹാവിഷ്ണുവിന്റെ അവതാരമായി ജനിച്ച ഭഗവാൻ ശ്രീരാമൻ ഇന്നും നമ്മോടൊത്തു ലോക

ത്തിന്റെ ഏതോ ഒരു മൂലയിൽ ജീവിക്കുന്നു എന്നുതന്നെ കരുതുക. അങ്ങനെയെങ്കിൽ ഇപ്പോൾ 1987 ആരംഭിച്ചതേയുള്ളുവെങ്കിലും രാമൻ ജനിച്ച അന്നുമുതൽ ഇന്നുവരെയുള്ള വർഷം കൂട്ടിനോക്കാം. അതായത് ബി. സി 7323-ഉം ഇപ്പോഴത്തെ എ. ഡി 1987 ഉം. ആകെ 9310 എന്നുവരുന്നു. എന്നാൽ എ. ഡി 2000 വർഷം വരെ നോക്കിയാലോ 9323 എന്നും വരുന്നു.

അതായത് ബി സി 7323-ൽ ജനിച്ച രാമൻ ഇന്ന് നമ്മോടൊത്ത് കൂടെയുണ്ടെങ്കിൽ 9310 വർഷങ്ങളെന്നും, അതല്ല ഇനിയും പത്തുപന്ത്രണ്ടു വർഷങ്ങൾക്കുശേഷം വരാനിരിക്കുന്ന എ ഡി 2000 വരെ രാമൻ ഉണ്ടായിരുന്നാലും ആകെ 9323 വർഷങ്ങളേ ആകുന്നുള്ളു എന്നിരിക്കെ പതിനോരായിരം വർഷം രാമൻ ജനസേവനമെത്തി എന്നു വീമ്പു പറയുന്നതിൽ എന്താണു നേട്ടമുണ്ടാകുന്നത്? മൂഢരായവരെ വിശ്വസിപ്പിക്കാമെന്നല്ലാതെ മറ്റൊന്നും കാണുന്നില്ല.

അതുകൊണ്ടാണ് പുരാണ കഥകളിലെ വിഡ്ഢിത്തങ്ങളിൽ ഇതും ഒന്നുമാത്രമാണെന്നു പറഞ്ഞത്. എന്നാൽ വർഷം എന്നതിനു പകരം ദിവസമെന്നായിരുന്നു പറഞ്ഞിരുന്നതെങ്കിൽ അതിൽ ന്യായീകരണം കാണുമായിരുന്നു. ഇതിപ്പോൾ 'കുഴിയാനയെ ആനയാക്കുന്ന' ദിവ്യത്വം പോലെയായിതീർന്നു.

പതിനോരായിരം ദിവസമെന്നതിനെ ആസ്പദമാക്കി ഒരു ഉദ്ദേശ കണക്കു നമുക്കുനോക്കാം. അതായത് 11000 ദിവസമെന്നത്, ഒരു വർഷത്തിനു 365 ദിവസമെന്ന കണക്കിൽ നോക്കുകയാണെങ്കിൽ മുപ്പതു വർഷവും 50 ദിവസവുമെന്നും അതല്ല മുന്നൂററിഅറുപത്തഞ്ചേകാൽ ദിവസമെന്ന പ്രകാരം നോക്കിയാൽ മുപ്പതു വർഷവും നാല്പത്തിരണ്ടര ദിവസവും എന്നു കാണാം. ആകയാൽ പതിനോരായിരം ദിവസമെന്നതിനാണ് കൂടുതൽ പ്രസക്തിയും ഏറെക്കുറെ സത്യവും.

ഇത്തരത്തിൽ പുരാണ കഥകളിൽ വ്യാപകമായി കാണുന്ന സത്യവിരുദ്ധവും അതിശയോക്തി നിറഞ്ഞതുമായ പ്രസ്താവനകളെ അപ്പടി വിശ്വസിക്കുക എന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കാത്ത പ്രവണതയാണ്. കണ്ണുമച്ച് ഇവയെ വിശ്വസിക്കുന്നത് ബുദ്ധിശൂന്യരുടെ മാത്രം പ്രവൃത്തിയാണ്; ബുദ്ധിശൂന്യതയുടെ സ്പഷ്ടമായ തെളിവുമാണ്. ആയതിനാൽ രാമായണവും ഗീതയുമായി നടക്കുന്ന എല്ലാ സഹോദരരേയും, ബുദ്ധിസ്ഥിരത ലഭ്യമാക്കുന്നതിലേക്കുവേണ്ടി, ഉചിതമായ മാനസിക ചികിത്സക്കു വിധേയരാക്കി എത്രയും വേഗം ചികിത്സിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

രണരേഖ സംഘത്തിന്റെ മുഖപത്രമാണ്. രണരേഖ നിലനിൽക്കേണ്ടത് സംഘത്തിലെ ഏതൊരംഗങ്ങളുടെയും അനുഭാവികളുടെയും ആവശ്യമാണ്. അതുകൊണ്ട് രണരേഖക്ക് നിർബന്ധമായും എല്ലാ അംഗങ്ങളും വരിസംഖ്യ എടുക്കേണ്ടതുണ്ട്. ഇനിയും എടുത്തിട്ടില്ലാത്തവർ എത്രയുംവേഗം വരിസംഖ്യയെടുക്കുകയും പുതുക്കേണ്ടവർ തുക അയക്കേണ്ടതുമാണ്. എല്ലാ അംഗങ്ങളും സുഹൃത്തുക്കളെ വരിക്കാരായി ചേർക്കുന്നതിൽ മറക്കാതിരിക്കുക. യൂണിററുതലത്തിൽ ഇക്കാര്യം തീരുമാനിച്ചു ഗ്രൂപ്പ് ഗ്രൂപ്പായിപോയി വരിക്കാരെ ചേർക്കുന്നതിൽ ശ്രദ്ധിക്കുക. ഇക്കാര്യത്തിൽ അടിയന്തിര പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

—സംസ്ഥാന ജനറൽ സെക്രട്ടറി

# കുട്ടികളിൽ ലൈംഗിക വിദ്യാഭ്യാസം എന്തിനു്?



ശശികുമാർ പുറമേരി

ലൈംഗികവിദ്യാഭ്യാസം എന്നു കേൾക്കുമ്പോൾതന്നെ വാളെടുക്കുന്ന ചില യാഥാസ്ഥിതിക വൈതാളികന്മാരുണ്ടു്. അവർ പറയുന്നതു ലൈംഗികവിദ്യാഭ്യാസം നല്കിയാൽ സന്മാർഗ്ഗം നശിക്കും എന്നതാണു്. സന്മാർഗ്ഗത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണു് ഈ വിശ്വാസത്തിനുള്ള കാരണം.

ഇന്നു് നമ്മുടെ സമൂഹത്തിൽ ലൈംഗീക വൈകൃതം പെരുകിക്കൊണ്ടിരിക്കുകയാണു്. ബലാൽസംഗത്തിന്റെ റിപ്പോർട്ടുവരാതെ പത്രങ്ങൾ പുറത്തുവരാറില്ല. ഇതെന്തുകൊണ്ടാണെന്നു് ഈ 'സന്മാർഗ്ഗവാദികൾ' ആലോചിക്കുന്നില്ല. ലൈംഗീക കാര്യങ്ങളെക്കുറിച്ചു് നേടിയ അശാസ്ത്രീയമായ അറിവുകളാണു് ഇത്തരം പ്രവർത്തികൾക്കു് പ്രേരണ നല്കുന്നതു്.

ലൈംഗികബന്ധം ജീവിവർഗ്ഗത്തിന്റെ നിലനില്പിനുള്ള ഒരു ഉപാധി മാത്രമല്ല. വ്യക്തികളുടെ ജീവിതസംതൃപ്തിക്കും സന്തോഷത്തിനും സാമൂഹ്യബന്ധം നിലനിറുത്തുന്നതിനും ആവശ്യമാണു്. ഇത്രയും പ്രാധാന്യമേറിയ ഈ വിഷയം നേഴ്സറി തലംതൊട്ടുതന്നെ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

പ്രഗത്ഭനായ മനശ്ശാസ്ത്രജ്ഞനും പ്രശസ്തനായ യുക്തിവാദിയുമായ ഡോ: ഏ ടി കോവൂർ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ ഒരനുഭവം വിവരിക്കുന്നുണ്ടു്. 1950-ൽ മൗണ്ടു് ലവനിയായിലെ സെന്റ് തോമസ് കോളേജിൽ അദ്ദേഹം അദ്ധ്യാപകനായിരിക്കുമ്പോൾ ഉയർന്നക്ലാസ്സുകളിൽ ലൈംഗികപാഠം കൊടുക്കാനുള്ള ചുമതല അദ്ദേഹത്തിനായിരുന്നു. ഒരു ദിവസം കുട്ടികൾക്കു് ഒരു പ്രശ്നാവലി കൊടുത്തു. ആരുടേയും പേരെഴുതാതെ ആ ചോദ്യങ്ങൾക്കു് ഉത്തരമെഴുതാൻ പറഞ്ഞു. ആകെ 280 കുട്ടികളാണു് ഇതിൽ പങ്കെടുത്തതു്.

(ചോദ്യം-1) സ്ത്രീ-പുരുഷന്മാർ ലൈംഗികബന്ധം പുലർത്തുന്നതുകൊണ്ടാണു് ശിശുക്കൾ ഉണ്ടാകുന്നതു് എന്ന വിവരം നിങ്ങൾ അറിഞ്ഞതു് എത്രാമത്തെ വയസ്സിലാണു്.

കുട്ടികൾ എഴുതിയ ഉത്തരം:

| | | |
|---|---|---|
| ഓർമ്മയില്ല | — | 2 പേർ |
| നാലാമത്തെ വയസ്സിൽ | — | 5 പേർ |
| അഞ്ചാമത്തെ വയസ്സിൽ | — | 25 പേർ |
| ആറാമത്തെ വയസ്സിൽ | — | 73 പേർ |
| ഏഴാമത്തെ വയസ്സിൽ | — | 115 പേർ |
| എട്ടാം വയസ്സിൽ | — | 34 പേർ |

| | | |
|---|---|---|
| ഒമ്പതാം വയസ്സിൽ | — | 23 പേർ |
| പത്താം വയസ്സിൽ | — | 3 പേർ |
| | | 280 |

ഈ പ്രശ്നാവലിയിൽനിന്നും പത്തു വയസ്സിനു മുൻപുതന്നെ പ്രാഥമികമായ അറിവു ലഭിക്കുന്നുണ്ടെന്നു മനസ്സിലാക്കാം.

(ചോദ്യം: 2) സ്ത്രീ-പുരുഷന്മാരുടെ ലൈംഗിക ബന്ധത്തിൽനിന്നാണു് കുട്ടികളുണ്ടാകുന്നതു് എന്ന വിവരം ആരിൽനിന്നാണു് ആദ്യം ലഭിച്ചതു്.

ഉത്തരം:—

| | | |
|---|---|---|
| അമ്മയിൽനിന്നു് | — | 0 |
| അച്ഛനിൽനിന്നു് | — | 1 |
| അദ്ധ്യാപകരിൽനിന്നു് | — | 7 |
| പുരോഹിതനിൽനിന്നു് | — | 0 |
| കളിക്കൂട്ടുകാരിൽനിന്നു് | — | 84 |
| സഹപാഠികളിൽനിന്നു് | — | 127 |
| വേലക്കാരനിൽനിന്നു് | — | 34 |
| വേലക്കാരിയിൽനിന്നു് | — | 8 |
| ആയയിൽനിന്നു് | — | 9 |
| തോട്ടക്കാരനിൽ നിന്നു് | — | 3 |
| ബന്ധുവർമാരിൽനിന്നു് | — | 7 |
| | | 280 |

ഈ ഉത്തരത്തിൽനിന്നു് അച്ഛനിൽ നിന്നും അദ്ധ്യാപകനിൽനിന്നും ഒഴിച്ച് ബാക്കി കിട്ടിയവാറും അശാസ്ത്രീയപരമായ വിവരങ്ങളായിരിക്കും. ഈ അശാസ്ത്രീയപരമായ അറിവാണു് അവരെ ചിലപ്പോൾ വഴിതെറ്റിക്കുക. പരിമിതവും അശാസ്ത്രീയവുമായ ഇത്തരം അറിവുകൾ വെച്ച് അവർ വേശ്യാവേശ്യകളിലും സ്വവർഗ്ഗരതികളിലും മററു പ്രകൃതിവിരുദ്ധതയിലും എത്തിച്ചേരുന്നു.

പൂവൻകോഴിയും പിടക്കോഴിയും തമ്മിൽ ഇണചേരുന്നതു കണ്ടപ്പോൾ അതു എന്തു ചെയ്യുകയാണു് എന്നു ചോദിച്ച മകനെ ശകാരിച്ച രക്ഷിതാക്കളുണ്ടു്. ആൺപൂവിലെ പൂമ്പൊടി പെൺപൂവിലെത്തിയാണു് കായുണ്ടാകുന്നതു് എന്നതു വിശദീകരിച്ചു കൊടുക്കുമ്പോൾ ജന്തുക്കളിലുള്ള ഇണചേരൽ ഉദാഹരണമായി പറഞ്ഞുകൊടുക്കുന്നു. ആ സമയത്തു ഒരു കുട്ടി ചോദിക്കുന്നു, മനുഷ്യരും ഇതുപോലെയാണോ? ശുണ്ഠിക്കാരനായ അദ്ധ്യാപകൻ അതൊന്നും നീയിപ്പോ പഠിക്കേണ്ട എന്നു പറഞ്ഞു ശകാരിക്കുന്നു. ഈ രണ്ടുപേരും ചെയ്തതു് ഒരു വലിയ തെററാണു്. പകരം വളരെ ലളിതമായ ഭാഷയിൽ ലൈംഗികബന്ധത്തെക്കുറിച്ച് വിശദീകരിച്ചു കൊടുക്കുകയായിരുന്നു വേണ്ടതു്.

പലതരത്തിലുള്ള ലൈംഗികവൈകൃതങ്ങൾക്കും കാരണം ലൈംഗികതയെക്കുറിച്ചുള്ള പരിമിതവും അശാസ്ത്രീയവുമായ അറിവുകളാണെന്നു പറഞ്ഞല്ലോ? പലതരത്തിലുള്ള ലൈംഗിക വൈകൃതങ്ങളെക്കുറിച്ച് ശെസ്റ്റുകൽ എന്ന മനഃശാസ്ത്രജ്ഞൻ പഠനം നടത്തിയിട്ടുണ്ടു്. സാധാരണയായി കാണാറുള്ള ലൈംഗിക വൈകൃതങ്ങളാണു് പ്രതീകാന്ധകാമം, പരപീഡനരതി, സ്വപീഡനരതി എന്നിവ. രതിവികാരം അചേതനവസ്തുക്കളിലോ ശരീരത്തിന്റെ ലൈംഗികാവയവമല്ലാത്ത ഭാഗങ്ങളിലോ ഉറപ്പിക്കുന്നതിനെയാണു് പ്രതീകാന്ധകാമം (Fetishism) എന്നു പറയുന്നതു്. ആക്രമണപരമായി ഒരാളെ വേദനിപ്പിക്കുകയും അതിൽനിന്നും ലൈംഗിക ഉത്തേജനം നേടുകയും ചെയ്യുന്ന രീതിയാണു് പരപീഡനരതി (Sadlism); മറെറാരാളാൽ ദേഹോപദ്രവം ഏല്ക്കുകയും അസഭ്യങ്ങൾ പറയിക്കുകയും ചെയ്യുന്നതിലൂടെ ലൈംഗിക ഉത്തേജനം തേടുന്നതിനെയാണു് സ്വപീഡനരതി (mas-ochism) എന്നു പറയുന്നതു്.

ഇത്തരത്തിലുള്ള ലൈംഗികവൈകൃതങ്ങൾ രൂപംകൊള്ളുന്നതു് ശൈശവാവസ്ഥയിലാണു്, അശാസ്ത്രീയപരമായ ചുററുപാടിൽ രൂപംകൊണ്ടതും വികസിച്ചതുമാണു് ഈ വൈകൃതങ്ങൾ. ശരിയായ ലൈംഗിക വിദ്യാഭ്യാസം ലഭിച്ചിരുന്നെങ്കിൽ ഇതുണ്ടാകുമായിരുന്നില്ല.

★

# സ്ത്രീധനത്തിന്റെ ബലിപീഠത്തിലെ പെൺകുട്ടികൾ

റ്റി. എ. മാത്യു, കഞ്ഞിക്കുഴി

സ്ത്രീധന നിരോധനം ലക്ഷ്യമാക്കി വിവിധ മഹിളാസംഘടനകളും, പുരോഗമന പ്രസ്ഥാനങ്ങളും മുറവിളി നടത്തിക്കൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. സർക്കാർ 'സ്ത്രീധന നിരോധന' നിയമവും കൊണ്ടുവന്നു. പ്രാബല്യത്തിൽ ആയിട്ടില്ല എന്നത് ഒരു വസ്തുത. ഇനിയൊട്ട് ആകാനും പോകുന്നില്ല എന്നത് മറെറാരു വസ്തുത.

സ്ത്രീധനത്തെപ്പററി വിവിധ വീക്ഷണങ്ങളാണ് ഇന്ന് നിലവിലുള്ളത്. അതൊരു ദുരാചാരമാണെന്നും, നിരോധിക്കപ്പെടേണ്ടതാണെന്നും, വാങ്ങരുത് കൊടുക്കരുത് എന്നു തുടങ്ങി സ്ത്രീതന്നെയാണ് യഥാർത്ഥ ധനമെന്നും ചിലർക്ക് അഭിപ്രായമുണ്ട്.

അതുകൊണ്ട് 'സ്ത്രീധനം' എന്നതിന്റെ വിവക്ഷിതാർത്ഥം എന്ത്? എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സാധാരണക്കാരുടെ ഇടയിൽ ഇന്നു നിലവിലുള്ള അർത്ഥം ഇതാണ്.

വിവാഹത്തോടനുബന്ധിച്ച് വരന്റെ വീട്ടുകാർ വധുവിന്റെ വീട്ടുകാരിൽനിന്ന് വാങ്ങുന്ന ധനം പോരാ! വരന്റെ കുടുംബ മഹിമയും, പ്രതാപവും എടുത്തു കാണിച്ച് വധുവിന്റെ വീട്ടുകാരോട് 'ഞങ്ങൾക്ക് ഇത്രകിട്ടണം' എന്ന് വില പേശി കണക്കുപറഞ്ഞു വാങ്ങുന്ന ധനം.

ഈ അർത്ഥത്തിൽ സ്ത്രീധനസമ്പ്രദായം ഒരു ദുരാചാരംതന്നെ. എന്നാൽ, തികച്ചും പുരോഗമനപരമായ മറെറാരു വീക്ഷണം ഇതാണ്.

പിതൃസ്വത്തിൽ ആൺമക്കൾക്ക് ലഭിക്കുന്ന സ്വത്തിനു തുല്യമായി പെൺമക്കൾക്ക് അവകാശപ്പെട്ട വിഹിതം. ഇതാണ് 'സ്ത്രീധനം' എന്നതിന്റെ ശരിയായ അർത്ഥം എന്നു കണക്കാക്കാവുന്നതാണ്, അത് നിരോധിക്കണമെന്നു ശഠിക്കുന്നത് സ്ത്രീയുടെ അവകാശത്തെ ഹനിക്കലാണ്.

സമീപകാലത്ത് സുപ്രീംകോടതി വിധിമൂലം റദ്ദാക്കപ്പെട്ട, സാമുദായിക 'പിന്തിരിപ്പൻ പിന്തുടർച്ചാവകാശ നിയമ'ങ്ങളുടെ കുരുക്കിൽപെട്ട് വർഷങ്ങളായി തങ്ങൾക്ക് നിഷേധിക്കപ്പെട്ടിരുന്ന അവകാശങ്ങൾ നേടുവാനുള്ള പരിശ്രമത്തിനു പകരം; അവയുടെ നിരോധനം എന്ന ആവശ്യം സഹോദരിമാർതന്നെ ഉന്നയിക്കുന്നത് തികഞ്ഞ മൗഢ്യംതന്നെ.

യഥാർത്ഥത്തിൽ ഇതിനുള്ള പരിഹാരം നിരോധനമല്ല. സ്ത്രീധനത്തെ സംബന്ധിച്ച വികലമായ വീക്ഷണത്തിന് മാററം വരുത്തുക എന്നതാണ്.

ഇനിയും, 'സ്ത്രീധനോപജീവികളായ ഒരുവിഭാഗമുണ്ട്. വിവാഹ പ്രായമാകുന്നതുവരെ ക്രിയാത്മക പ്രവർത്തനങ്ങളിലൊന്നും ഏർപ്പെടാതെ നടക്കുന്ന ഇവർ, പൊട്ടുന്നനവെ ഒരു ബോധോദയ

ശം ഉണ്ടായിരുന്നവിധം ചില തൊഴിൽ സംരംഭങ്ങൾക്ക് രൂപം കൊടുക്കുന്നു. മൂലധനം ഉണ്ടാക്കുവാൻ ഒരു മാർഗ്ഗവും കണ്ടെത്തുന്നു, വിവാഹം കഴിക്കുക!

കൂടുതൽ പണം ലഭിക്കുവാനുള്ള സാധ്യതയുടെ അന്വേഷണത്തിനിടയ്ക്ക്, ജീവിതപങ്കാളിക്ക് അത്യാവശ്യം ഉണ്ടായിരിക്കേണ്ട പല യോഗ്യതകളും അവഗണിക്കപ്പെട്ടിരിക്കും എന്നത് പലപ്പോഴും സംഭാവ്യമായ ഒരു യാഥാർത്ഥ്യമാണ്.

ധനലബ്ധിയെ ലക്ഷ്യമാക്കി വിവാഹം കഴിക്കുന്ന ഇത്തരക്കാർക്ക്, പണത്തിനു ബുദ്ധിമുട്ടുണ്ടാകുമ്പോഴൊക്കെ അതു കണ്ടെത്തുവാനുള്ള ഏക മാർഗ്ഗം ഭാര്യവീട്ടുകാരെ ശല്യപ്പെടുത്തുക എന്നതാണ്. അതിന്റെ ഭാഗമാണ് ഭാര്യാപീഡനവും, സ്റ്റൗ പൊട്ടിത്തെറിക്കലും, മണ്ണെണ്ണ പ്രയോഗവും മററും.

സ്ത്രീധനത്തിന്റെ മറെറാരു ഉപഭോക്താക്കൾ രക്ഷകർത്താക്കളാണ്. ആൺമക്കൾ വിവാഹം കഴിക്കുന്നത് കുടുംബത്തിന്റെ ഒരു ആദായമാർഗ്ഗമായി കണക്കാക്കിയിരിക്കുന്ന ചില രക്ഷകർത്താക്കളുണ്ട്. പുത്രഭാര്യക്ക് അവരുടെ വീട്ടുകാർ കൊടുത്തയച്ച ഷെയർ സ്വത്ത് ഭർത്തൃവീട്ടുകാർ വാങ്ങി യഥേഷ്ടം ചിലവഴിച്ചിട്ട്, പിന്നീട് ആ തുക തിരിച്ചു കൊടുക്കാതിരിക്കുന്ന പ്രവണത യാഥാസ്ഥിതികരായ ചില കാരണവന്മാർ ഇന്നും വച്ചു പുലർത്തുന്നു.

ഉദ്യോഗമുള്ള പെൺമക്കൾ ഇവർക്ക് 'കറവപശുക്കൾ' മാത്രമാണ്. ഇത്തരക്കാർക്ക് പണമുണ്ടെങ്കിൽപോലും, പെൺമക്കളുടെ വിവാഹകാര്യത്തിൽ തെല്ലും താൽപര്യം ഉണ്ടായിരിക്കുകയില്ല. കാരണം. അവർക്ക് അതൊരു നഷ്ടക്കച്ചവടമായിരിക്കുമല്ലോ? തന്മൂലം അവിവാഹിതരായി ജീവിതകാലം മുഴുവൻ കഴിയേണ്ടിവരുന്ന നിർഭാഗ്യവതികൾ നിരവധിയുണ്ട്. അപൂർവ്വം ചിലർ സ്വയം ജീവിതപങ്കാളിയെ കണ്ടെത്തുകയോ, അതിനു കഴിയാത്തവർ മനസ്സില്ലാ മനസോടെ ഏതെങ്കിലും കോൺവെൻറിൽ ചേരുകയോ ചെയ്യുന്നു.

എന്നാൽ, കണക്കു പറയാതെയും, വില പേശാതെയും വരുന്ന ചില കേസ്സുകളിൽ, പെൺകുട്ടിയുടെ രക്ഷകർത്താക്കൾ അർഹതപ്പെട്ട സ്വത്ത് നൽകാതെ സ്വന്തം മകളെത്തന്നെ വഞ്ചിക്കുന്ന നിരവധി സംഭവങ്ങളും ഉണ്ട്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഇത്തരം അനീതിക്കെതിരെ ഒരു മതവും, പള്ളിയും, സംഘടനയും പ്രതികരിക്കുന്നില്ല എന്ന വസ്തുത. പെൺമക്കൾക്ക് ജീവിതം നിഷേധിക്കുന്ന രക്ഷകർത്താക്കളെ ഒരു മതവും പുറത്താക്കിയതായോ, താക്കീതു ചെയ്തതായോ കേട്ടുകേഴ്വിയില്ല. മതസെമിനാറുകളിൽ ഇത്തരം കാര്യങ്ങളെപ്പററി വിദ്യാർത്ഥികളെ ബോധവാന്മാരാക്കാറുമില്ല.

അവക്ക് ചെയ്യാവുന്ന മഹത്തായ സേവനം 'ദൈവവിളി' ക്യാമ്പുകൾ നടത്തി, ജീവിതം കാംക്ഷിക്കുന്ന പെൺകുട്ടികളെ പ്രലോഭിപ്പിച്ചു കോൺവെൻറുകളിൽ ചേർത്തു 'ഞരമ്പുരോഗി'കളാക്കി തീർക്കുക എന്നതുമാത്രമാണ്.

തങ്ങളുടെ ഭണ്ഡാരങ്ങളിൽ കുന്നുകൂടി കിടക്കുന്ന ധനം ഉപയോഗിച്ച്, ഷോപ്പിംഗ് സെൻററുകളും അരമനകളും പണിയുന്നതിലും, സ്വർണ്ണധ്വജം പ്രതിഷ്ഠിക്കുന്നതിലും, തിരുനാളുകൾ പൂർവ്വാധികം മോടിയായി നടത്തുന്നതിലുംമാത്രം ബദ്ധശ്രദ്ധരായിരിക്കുന്ന സാമുദായിക ശക്തികൾക്ക്, തീർത്തും നിർധനരായവരുടെ കാര്യത്തിൽ നിശ്ചയമായും എന്തെങ്കിലും പരിഹാരം കണ്ടെത്തുവാൻ കഴിയേണ്ടതാണ്. അതിനു കഴിയുന്നില്ലെങ്കിൽ സമുദായം കൊണ്ട് ആർക്ക് എന്തു ഗുണമാണുള്ളത്?

പക്ഷേ, പള്ളിയുൾപ്പെടെയുള്ള സാമുദായിക ശക്തികളുടെ ദൃഷ്ടിയിൽ ധാർമ്മികതയും, സദാചാരവും എന്നൊക്കെ പറയുന്നത്, വിശ്വാസം, പിരിവ്, പതവാരം തുടങ്ങിയവയുടെ കൃത്യമായ പാലനം മാത്രമാണ്.

ഇതിന് പ്രതിബന്ധം സൃഷ്ടിക്കുന്നവക്കെതിരെ അവർ പടവാളെടുക്കും.

സാംസ്കാരിക ഔന്നത്യവും, ധാർമ്മിക ബോധവും മതങ്ങളിലൂടെയേ സാധ്യമാകൂ എന്നു ശഠിക്കുന്നവർ ഇതിനു സമാധാനം പറയുവാൻ ബാധ്യസ്ഥരാണ്.

ധാർമ്മികതയും, സദാചാരവും മതനിയമത്തിലല്ല സാമൂഹ്യനിയമത്തിലാണ് ഉണ്ടാകേണ്ടതു് എന്നു വ്യക്തമാക്കുന്നതാണ് മുൻപറഞ്ഞ വസ്തുതകൾ.

തൊഴിലില്ലായ്മയും, സാമ്പത്തിക അപര്യാപ്തതയും ഇക്കാര്യത്തിൽ പ്രശ്നഹേതുവാണെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. സാമ്പത്തികമായ സ്വയംപര്യാപ്തത ഒരു പരിധിവരെ ഈ പ്രശ്നത്തിനു പരിഹാരമാണെങ്കിലും, മുഖ്യമായും വ്യക്തികളുടെ വികലവും. സങ്കുചിതവുമായ വീക്ഷണങ്ങൾക്ക് മാറ്റം വരുത്തുന്നതിലൂടെ മാത്രമേ സാമൂഹ്യമായ സമൂല പരിവർത്തനം സാധ്യമാകൂ.

രക്ഷകർത്താക്കൾ അർഹതപ്പെട്ട സ്വത്തു് മക്കൾക്ക് നൽകുക.

പെൺമക്കൾ തങ്ങളുടെ അവകാശങ്ങൾ നേടുന്നതിൽ ബോധവതികളാവുക.

ആൺമക്കളുടെ രക്ഷകർത്താക്കൾ വിലപേശൽ അവസാനിപ്പിക്കുക.

യുവാക്കൾ വിവാഹം കഴിക്കുന്നതു് പണത്തിനുവേണ്ടി മാത്രമാകാതെ, മാനുഷിക മൂല്യങ്ങൾക്ക് കൂടുതൽ മുൻഗണന നല്കുക.

ഇത്യാദി കാര്യങ്ങൾ മാനസികമായി ഉൾക്കൊള്ളുവാൻ കഴിഞ്ഞാൽ സ്ത്രീധനം ഒരു പ്രശ്നമാകില്ല എന്നാണ് എന്റെ അഭിപ്രായം.

---

# R. S. M.

## (Rationalist students movement)

ഇന്ത്യൻ യുക്തിവാദിസംഘം വിദ്യാർത്ഥിസംഘടനയുടെ പേർ റാഷണലിസ്റ്റ് സ്റ്റുഡൻസ് മൂവ്മെന്റ് എന്നായിരിക്കുമെന്നു കഴിഞ്ഞ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ഡിസംബറിൽ R. S. M.ന്റെ സംസ്ഥാന സമ്മേളനം വിളിച്ചുകൂട്ടുവാനും അതിനു മുമ്പായി ജില്ലാകമ്മിറ്റികൾ വിളിച്ചുകൂട്ടുവാനും വേണുതോന്നയ്ക്കലിനെ ചുമതലപ്പെടുത്തി. R S. Mന്റെ നിയമങ്ങളും ചട്ടങ്ങളും ഒന്നാമതായി വിളിച്ചുകൂട്ടുന്ന സമ്മേളനത്തിൽ വെച്ചു അംഗീകരിക്കുവാനും. R· S· M ന്റെ കൊടി വയലറ്റ് കളറിൽ R S. M എന്നു വെള്ളയിൽ എഴുതിയതായിരിക്കുമെന്നും കമ്മിറ്റി തീരുമാനിച്ചു.

---


## രണരേഖ പരസ്യനിരക്ക്

| | |
|---|---|
| ബാക്ക് കവർ—ബ്ലാക്ക് & വൈറ്റ് | —Rs–200 |
| കവർ-അകം പേജ് | —Rs–150 |
| അകം പേജ് | —Rs–100 |
| അരപേജ് | —Rs- 50 |
| കാൽപേജ് | —Rs- 25 |

N. B. കോൺട്രാക്ട് പരസ്യങ്ങൾക്ക് പ്രത്യേകം സൗജന്യമുണ്ടായിരിക്കും.

- ആദർശ വിവാഹപരസ്യങ്ങൾ സൗജന്യമായിരിക്കും
- പരസ്യം ശേഖരിച്ചയയ്ക്കുന്നവർക്ക് ആകർഷകമായ കമ്മീഷൻ

എഴുതുക—മാനേജർ, രണരേഖ, കൊല്ലം—691004

**RANARKEHA RATIONALIST MONTHLY PRICE-RE-1.50**
Registration No-KL/QN/189



Colorchamber/pp/16/82

Edited Printed and Published by Sreeni Pattathanam
on behalf of Indian Rationalist Association State Committee
QLN-4, Printed at Soorya Printers, Quilon

# രണരേഖ
# യുക്തിവാദ
മാസിക

